# LAITY VOICE

2016 APRIL | Volume: 6 | No: 10





*സീറോ മലബാർ സഭ അല്മായ കമ്മീഷന്റെ ആഭിമുഖ്യത്തിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന അല്മായ നേതൃസമ്മേളനത്തിന്റെ സമാപന സമ്മേളനം മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്യുന്നു. സെബാസ്റ്റ്യൻ വടശേരി, റാണി മത്തായി, ലിസി ജോസ്, പ്രഫ. വി.ജെ. പാപ്പു, വി.വി. അഗസ്റ്റിൻ, പ്രഫ. കൊച്ചുറാണി ജോസഫ്, ബിഷപ് മാർ മാത്യു അറയ്ക്കൽ, അഡ്വ. ജോസ് വിതയത്തിൽ, ഡോ.കുര്യാസ് കുമ്പളക്കുഴി, ജേക്കബ് മുണ്ടയ്ക്കൽ, ഫാ. ജോർജ് നേരേവീട്ടിൽ എന്നിവർ സമീപം.*

# പ്രബുദ്ധരായ അല്മായർ സഭയുടെ സമ്പത്ത്: മാർ ആലഞ്ചേരി

കൊച്ചി: പ്രബുദ്ധരായ അല്മായർ സഭയുടെ സമ്പത്തും അഭിമാനവുമാണെന്നു സീറോ മലബാർ സഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പറഞ്ഞു. സീറോ മലബാർ സഭ അല്മായ കമ്മീഷന്റെ ആഭിമുഖ്യത്തിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന അല്മായ നേതൃസമ്മേളനത്തിൽ സമാപനസന്ദേശം നൽകുകയായിരുന്നു അദ്ദേഹം.

സമൂഹത്തിനു ദിശാബോധം പകരാൻ ആർജവവും കർമശേഷിയുമുള്ള അല്മായനേതാക്കളെ ഇന്നാവശ്യമുണ്ട്. അല്മായരുടെ പ്രവർത്തനങ്ങളിൽ പ്രേഷിതസ്വഭാവമാണു പ്രകാശിതമാകേണ്ടത്. അല്മായ കമ്മീഷന്റെ പ്രവർത്തനങ്ങൾ കത്തോലിക്കാ കോൺഗ്രസിന്റെ വളർച്ചയ്ക്കും സഹായകമാകണം. കത്തോലിക്ക കോൺഗ്രസിനു കക്ഷിരാഷ്ട്രീയമില്ല. എന്നാൽ രാഷ്ട്രീയമായ അഭിപ്രായങ്ങളും നിലപാടുകളും കത്തോലിക്ക കോൺഗ്രസിലൂടെ അല്മായ നേതാക്കൾ ആവശ്യമുള്ള അവസരങ്ങളിൽ ജാഗ്രതയോടെ വ്യക്തമാക്കണം. മെത്രാന്മാരും വൈദികരുമല്ല, പ്രബുദ്ധതയും പ്രതിബദ്ധതയുമുള്ള അല്മായനേതാക്കളാണു പൊതുസമൂഹത്തിൽ സമുദായത്തിന്റെ രാഷ്ട്രീയനിലപാടുകൾ പറയേണ്ടതെന്നും മേജർ ആർച്ച്ബിഷപ് ഓർമിപ്പിച്ചു.

കാഞ്ഞിരപ്പിള്ളി രൂപത ബിഷപ്പും അല്മായ കമ്മീഷൻ ചെയർമാനുമായ മാർ മാത്യു അറയ്ക്കൽ അധ്യക്ഷത വഹിച്ചു. കമ്മീഷൻ സെക്രട്ടറി സെക്രട്ടറി അഡ്വ.ജോസ് വിതയത്തിൽ, ഡോ.കുര്യാസ് കുമ്പളക്കുഴി, വി.ജെ. പാപ്പു, അല്മായ നേതാക്കളായ വി.വി. അഗസ്റ്റിൻ, എം.എം. ജേക്കബ് മുണ്ടയ്ക്കൽ, പ്രഫ. കൊച്ചുറാണി ജോസഫ്, സിജോ പൈനാടത്ത് എന്നിവർ പ്രസംഗിച്ചു. പി.പി. ജോസഫ് പ്രമേയം അവതരിപ്പിച്ചു.

രാവിലെ നടന്ന സമ്മേളനം മാർ മാത്യു അറയ്ക്കൽ ഉദ്ഘാടനം ചെയ്തു. ജോൺ കച്ചിറമറ്റം, പീറ്റർ കെ. ജോസഫ്, ജെസ്റ്റിൻ മാത്യു, ജെയിംസ് ഇലവുങ്കൽ, ബാബു ജോസഫ്, ജിജി ജേക്കബ്, ഫാ. ജോർജ് നേരേവീട്ടിൽ, ജോസ് മാത്യു, ഫാ.ജേക്കബ് പാലയ്ക്കാപ്പിള്ളി, റാണി മത്തായി, ലക്സി ജോയി, സാബു ജോസ്, സെബാസ്റ്റ്യൻ വടശേരി, ഡേവീസ് വല്ലൂരാൻ, ഷൈജോ പറമ്പി, ജോസ് ആനിത്തോട്ടം, ഡെന്നിസ് കെ.ആന്റണി, ഡെൽസി ലൂക്കാച്ചൻ എന്നിവർ പ്രസംഗിച്ചു. സീറോ മലബാർ രൂപതകളിലെ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിമാർ, സംഘടനാ നേതാക്കൾ, അല്മായ നേതാക്കൾ, വിവിധ ഫോറങ്ങളുടെ കൺവീനർമാർ എന്നിവരാണ് അല്മായ നേതൃസമ്മേളനത്തിൽ പങ്കെടുത്തത്. വരുന്ന രണ്ട് വർഷത്തെ കമ്മീഷന്റെ പ്രവർത്തനങ്ങൾക്കുള്ള രൂപരേഖ സമ്മേളനം തയാറാക്കി. കമ്മീഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ചരിത്ര ഗവേഷണ ഫോറം, ദളിത് ഫോറം, ശാസ്ത്ര സാങ്കേതിക ഫോറം, പ്രഫഷണൽ ഫോറം, കാർഷിക ഫോറം, മീഡിയ ഫോറം, സംരംഭക ഫോറം തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിനു സമ്മേളനം പദ്ധതികൾ ആസൂത്രണം ചെയ്തു.

**സംസ്ഥാന സർക്കാരിന്റെ മദ്യനിരോധനം പാളിപ്പോയോ? ബാർ ഹോട്ടലുകൾ പൂട്ടിയപ്പോഴും ബിവറേജ് പാർലറുകളിലൂടെ മദ്യമൊഴുക്കി സർക്കാർ കൊഴുത്തുതടിക്കുമ്പോൾ ഘട്ടംഘട്ടമായിട്ടുള്ള മദ്യനിരോധനം വെറും തട്ടിപ്പായിരുന്നുവെന്ന് സർക്കാർ വക കണക്കുകൾ വ്യക്തമാക്കുന്നു. മനുഷ്യമനസാക്ഷിയെ വിലയ്ക്കുവാങ്ങുവാൻ ചില കപട ആദർശവാദികൾ നടത്തിയ രാഷ്ട്രീയ നാടകങ്ങൾക്കപ്പുറം ബോധവൽക്കരണങ്ങളില്ലാത്ത നിരോധനങ്ങൾ ഫലവത്താകുകയില്ലെന്നു കേരളത്തിലെ ഘട്ടംഘട്ടമായുള്ള മദ്യനിരോധനത്തിന്റെ ബാക്കിപത്രം തുറന്നുകാട്ടുന്നു. ബീഹാർ സർക്കാരിന്റെ സമ്പൂർണ്ണ മദ്യനിരോധനം കേരളം കണ്ടുപഠിക്കട്ടെ.**




സംസ്ഥാന സർക്കാരിന്റെ ഘട്ടംഘട്ടമായുള്ള മദ്യനിരോധനം എന്തിനേട്ടമുണ്ടാക്കിയെന്ന് വിലയിരുത്തപ്പെടേണ്ടത് അടിയന്തരമാണ്. ജനങ്ങളുടെ കൈയ്യടിവാങ്ങുവാൻ മാത്രമുള്ള രാഷ്ട്രീയ ചവിട്ടുനാടകത്തിനപ്പുറം സർക്കാർ കൊട്ടിഘോഷിച്ച മദ്യനിരോധനപ്രഖ്യാപനവും നടപടികളും കൊണ്ട് ആരെന്തു നേടി? 730 ബാർ ഹോട്ടലുകളും 10 ശതമാനം ബിവറേജസ് ഔട്ട്ലെറ്റുകളും പൂട്ടിയതൊഴിച്ചാൽ കേരളത്തിൽ മദ്യം കിട്ടാക്കനിയായി മാറിയോ? മദ്യത്തിന്റെ ഉപഭോഗം കുറഞ്ഞോ? ഒട്ടേറെ കുടുംബങ്ങളുടെ കണ്ണീരകറ്റാനുള്ള ശ്രമമെന്ന് വീമ്പിളക്കിയ മദ്യനിരോധനം ഇന്ന് എവിടെയെത്തിനിൽക്കുന്നു? സർക്കാരിന്റെ അബ്കാരി വരുമാനത്തിൽ കുറവുണ്ടായോ? നാട്ടിൽ മദ്യപാനത്തിന്റെ മറവിൽ കഴിഞ്ഞ നാളുകളിൽ അഴിഞ്ഞാടിയ കൊലപാതകങ്ങൾക്കും പീഢനങ്ങൾക്കും സംഘട്ടനങ്ങൾക്കും തകർച്ചകൾക്കും അറുതിവരുത്താനായോ?

മേൽസൂചിപ്പിച്ച ചോദ്യങ്ങൾക്ക് ഉത്തരങ്ങളന്വേഷിക്കുമ്പോൾ നാം ചെന്നെത്തുന്നത് സംസ്ഥാന സർക്കാരിന്റെ മദ്യനിരോധന നാടകത്തിന്റെ പിന്നാമ്പുറങ്ങളിലേയ്ക്കും ഘട്ടംഘട്ടമായുള്ള മദ്യനിരോധന പ്രഖ്യാപന നടപടികളുടെ പിന്നിലുള്ള രാഷ്ട്രീയ തട്ടിപ്പിലേയ്ക്കുമാണ്. **മദ്യനിരോധനത്തിനായി മുറവിളികൂട്ടിയ ചില സമുദായങ്ങളുടേയും മദ്യവിരുദ്ധ പ്രസ്ഥാനങ്ങളുടേയും വായടപ്പിച്ച് മൂലയ്ക്കിരുത്തുവാൻ അധികാരത്തിന്റെ പിൻബലത്തിൽ ആദർശത്തിന്റെ കപടവേഷധാരികൾക്കായി എന്നതല്ലേ സത്യം. ഇതിന്റെ പേരിൽ ചിലരെ ആദർശസുധീരന്മാരാക്കി നാട്ടിലുടനീളം എഴുന്നള്ളിച്ചുനടത്തിയതിന്റെ കുറ്റബോധവും പാപഭാരവും ഇന്നിപ്പോൾ മദ്യവിരുദ്ധ പ്രസ്ഥാനങ്ങൾക്കും ക്രൈസ്തവരുൾപ്പെടെ വിവിധ സമുദായങ്ങൾക്കുമുണ്ട്.** ഭാഗിക മദ്യനിരോധനം നടപ്പാക്കിയിട്ടും മദ്യത്തിന്റെ ഉപഭോഗം കുറഞ്ഞിട്ടില്ലെന്നും മദ്യത്തിലൂടെയുള്ള സർക്കാരിന്റെ വരുമാനം ഉയരുകയാണ് ചെയ്തിരിക്കുന്നതെന്നും വിവരാവകാശരേഖകളും നിയമസഭാപ്രഖ്യാപനങ്ങളും വഴിയുള്ള കണക്കുകൾ സഹിതം അവതരിപ്പിക്കുവാൻ ലെയ്റ്റി വോയ്സ് തയ്യാറാണ്.




2014 ഏപ്രിൽ മാസത്തിലാണ് സംസ്ഥാന സർക്കാരിന്റെ ബാർപൂട്ടൽ ആരംഭിച്ചത്. 730 ബാറുകൾ ഇതിനോടകം പൂട്ടി. നിലവിൽ 27 പഞ്ചനക്ഷത്രബാറുകളും 33 ബാറുകളുള്ള ക്ലബ്ബുകളുമാണ് സംസ്ഥാനത്തുള്ളത്. 806 ബിയർ വൈൻ പാർലറുകളും. 1992ൽ കെ.കരുണാകരൻ മുഖ്യമന്ത്രിയായിരുന്നപ്പോൾ ബാറുകൾക്ക് 2 സ്റ്റാർ നിബന്ധനയുണ്ടാക്കി. 1996ൽ എ.കെ. ആന്റണി ചാരായം നിരോധിച്ചു. 2004ൽ ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായപ്പോൾ കള്ളിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ ഷാപ്പുകളുടെ എണ്ണം കുറച്ചു.

കഴിഞ്ഞ നാളുകളിലായി ആകെ 730 ബാറുകൾ പൂട്ടുകയും ഡ്രൈഡേകളുടെ എണ്ണം കൂട്ടുവാനും പ്രതിവർഷം 10ശതമാനം ബിവറേജസ് കോർപ്പറേഷൻ ഔട്ട്ലെറ്റുകൾ നിർത്തലാക്കുവാനും നടപടികൾ സ്വീകരിച്ചു. എന്നിട്ടെന്തുനേടി? മദ്യ ഉപയോഗം കുറഞ്ഞോ? ബാറുകൾ പൂട്ടിയപ്പോൾ മദ്യമുതലാളിമാർ കുത്തുപാളയെടുത്തുവെന്നത് നിഷേധിക്കുന്നില്ല. **പക്ഷേ ബാറുകൾ പൂട്ടിയിട്ട് മദ്യവില്പനയിലോ ഉപഭോഗത്തിലോ കുറവില്ലെന്നുള്ളതാണ് കണക്കുകൾ. ബാറുകളിലിരുന്ന് വീര്യമുള്ള വിഷം വീശിയവർ ബിവറേജസ് ഔട്ട്ലെറ്റുകളിൽ നിന്ന് മദ്യം വാങ്ങി വീടുകൾ ബാറുകളാക്കിയെന്നുമാത്രമല്ല ബാറുകളിൽ ഒരു പെഗ്ഗിലൊതുക്കിയവർ വീടുകളിൽ ഒരു ഫുള്ളിലേയ്ക്ക് മാറിയെന്നതും നിരോധനത്തിന്റെ ബാക്കിപത്രത്തിൽ പെടുന്നു.**

നിരോധിച്ച 730 ബാറുകൾ പ്രവർത്തിച്ചിരുന്ന 2012-2013 സാമ്പത്തികവർഷം സർക്കാർ കണക്കുപ്രകാരം എക്സൈസിൽ നിന്ന് സർക്കാരിന് ലഭിച്ച ശരാശരി വരുമാനം മാസം 187.48 കോടിയാണ്. എന്നാൽ ഘട്ടംഘട്ടമായ മദ്യനിരോധനത്തിനുശേഷം 2015-16 കാലഘട്ടങ്ങളിലെ ആദ്യത്തെ ആറുമാസം (ഏപ്രിൽ-ഒക്ടോബർ) ലഭിച്ച ആകെ വരുമാനം 1121.14 കോടി രൂപ. അതായത് ശരാശരി മാസവരുമാനം 186.85 കോടി. മുഖ്യമന്ത്രി നിയമസഭയിൽ സി.കെ.സദാശിവന്റെ ചോദ്യത്തിന്



നൽകിയ മറുപടിയിലാണ് ഇക്കാര്യം സൂചിപ്പിച്ചിരിക്കുന്നത്. ഇതിൻപ്രകാരം യുഡിഎഫ് സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സൈസിൽ നിന്നുള്ള ശരാശരി മാസവരുമാനം ഇപ്രകാരമാണ്:

2011-12ൽ 157.40 കോടി, 2012-13ൽ 187.4 കോടി, 2013-14ൽ 160.99 കോടി, 2014-15ൽ 148.17 കോടി, 2015-16 ഏപ്രിൽ-ഒക്ടോബർ ശരാശരി 186.85 കോടി. ഘട്ടംഘട്ടമായി മദ്യനിരോധനം അരങ്ങുതകർക്കുമ്പോൾ സർക്കാർ നേരിട്ട് മദ്യമൊഴുക്കി ജനത്തെ കൊലയ്ക്കുകൊടുത്ത് സാമ്പത്തിക നേട്ടംകൊയ്യുന്നു. ബാറുകൾ കൂടാതെ 78 ബിവറേജസ് ഔട്ട്ലെറ്റുകൾ നിർത്തലാക്കിയപ്പോഴാണ് ഈ വരുമാനവർദ്ധനവെന്നതും ശ്രദ്ധിക്കേണ്ടതാണ്. പ്രതിമാസം ശരാശരി 961 കോടി രൂപയുടെ മദ്യവിറ്റുവരവാണ് ബിവറേജസ് വഴിയുള്ളത്.

**ജനങ്ങളെ മദ്യത്തിന്റെ അടിമത്വത്തിൽ നിന്ന് മോചിപ്പിക്കലല്ല അഴിമതിപ്പണത്തിന്റെ വീതംവെയ്ക്കലിൽ രൂപപ്പെട്ട അഭിപ്രായഭിന്നതയാണ് സംസ്ഥാന സർക്കാരിന്റെ മദ്യനിരോധനത്തിന്റെ പിന്നാമ്പുറം.** കൂടാതെ ഗ്രൂപ്പുകളികളിൽ മുഖച്ഛായ നഷ്ടപ്പെട്ട് വികൃതമായ പ്രമുഖ ഭരണപാർട്ടിയുടെ പ്രതിഛായ വീണ്ടെടുക്കുന്നതിനോടൊപ്പം സ്വന്തം മുഖംമിനുക്കി ആദർശസുധീരനാകുവാനും സംസ്ഥാന രാഷ്ട്രീയത്തിൽ പുത്തൻ ഇടം കണ്ടെത്തുവാനുമുള്ള ചിലരുടെ കുത്സിതശ്രമമാണ് മദ്യനിരോധനമെന്ന പിടിവള്ളിയായി രൂപപ്പെട്ടതെന്ന് തിരിച്ചറിയുവാൻ വലിയ ബുദ്ധിയുടെ ആവശ്യമില്ല. എന്നിട്ടെന്തുനേടി? 730 ബാറുകൾ പൂട്ടിയപ്പോൾ കേരളം മദ്യനിരോധിത സംസ്ഥാനമായി പോലും. **ബാറുകൾ പൂട്ടി ബിവറേജുകളിലൂടെ മദ്യമൊഴുക്കി സർക്കാർ കൊഴുത്തുതടിക്കുമ്പോൾ പ്രതികരിക്കാനില്ലാതെ മദ്യനിരോധനപ്രസ്ഥാനങ്ങൾ മാളങ്ങളിലൊളിച്ചോ?** ബാർ ഹോട്ടലുകൾ നിരോധിച്ച് ബിയർ, വൈൻ പാർലറുകൾക്ക് അംഗീകാരം നൽകിയപ്പോൾ യുവതലമുറയ്ക്ക് ഒളിക്കാതെ നെഞ്ചുനിവർത്തി പോയി കുടിക്കാനുള്ള സൗകര്യമാണ് സർക്കാർ ഒരുക്കിയതെന്ന് എന്തേ നാം തിരിച്ചറിയാത്തത്. **മദ്യം വിഷമാണെന്നിരിക്കെ ലഹരികുറഞ്ഞ ബിയർ കുഴപ്പമില്ലെന്ന് സർക്കാർ തന്നെ പ്രഖ്യാപിക്കുമ്പോൾ കുറഞ്ഞ ലഹരി ഒഴിച്ചുകൊടുത്ത് ഒരു സമൂഹത്തെ വൻലഹരിയുടെ അടിമകളാക്കി മാറ്റുന്ന അറുംകൊലയ്ക്കാണ് സർക്കാർ സംവിധാനങ്ങളും സമുദായങ്ങളും മദ്യവിരുദ്ധ പ്രസ്ഥാനങ്ങളും വഴിയൊരുക്കിയിരിക്കുന്നതെന്ന് തിരിച്ചറിയണം.** സമൂഹത്തെ നന്മയിലേയ്ക്കു നയിക്കുകയെന്ന സദുദ്ദേശമാണ് മദ്യനിരോധനത്തിന്റെ പിന്നിലെങ്കിൽ ബീഹാർ സർക്കാരിനെ മാതൃകയാക്കി സമ്പൂർണ്ണ മദ്യനിരോധനമാണ് കേരളസർക്കാർ നടപ്പിലാക്കേണ്ടിയിരുന്നത്. അല്ലാതെ ഇത്തരം തട്ടിപ്പു ചവിട്ടുനാടകങ്ങളല്ല.

ക്രൈസ്തവരുൾപ്പെടെ വിവിധ സമുദായങ്ങളും സാമൂഹ്യപ്രസ്ഥാനങ്ങളും സമ്പൂർണ്ണ മദ്യനിരോധനത്തിനുവേണ്ടി നിരന്തരം വാദിക്കുകയും തുടർച്ചയായി പ്രക്ഷോഭങ്ങളും ബോധവൽക്കരണങ്ങളും നടത്തുകയും ചെയ്യുന്നതിന്റെ പിന്നിൽ രാഷ്ട്രീയ അധികാരലക്ഷ്യമില്ല മറിച്ച് നിസ്വാർത്ഥ സേവനവും സാമൂഹിക പ്രതിബദ്ധതയും ജനനന്മയും മാത്രമാണുള്ളത്.

മദ്യത്തിന്റെ ഉപയോഗംമൂലം തകരുന്ന മനുഷ്യജീവിതങ്ങൾ, തല്ലിപ്പിരിയുന്ന കുടുംബങ്ങൾ, കൊലപാതകങ്ങൾ, അമ്മപെങ്ങന്മാരെ തിരിച്ചറിയാതെ നടത്തുന്ന ലൈംഗിക പീഢനങ്ങൾ, കാമഭ്രാന്തുകൾ, ആത്മഹത്യകൾ, വിഷാദരോഗങ്ങൾ, സാമ്പത്തികതകർച്ചകൾ. ഒരുസമൂഹം മുഴുവൻ മദ്യവിഷം കഴിച്ച് തകർന്നടിയുന്നതിനെ നോക്കിനിൽക്കുവാൻ മനസാക്ഷിയുള്ളവർക്കാകുമോ? അദ്ധ്വാനിച്ചുണ്ടാക്കുന്ന പണമത്രയും മദ്യശാലയിൽ കൊടുത്തിട്ട് ലക്കുകെട്ട് വീട്ടിലേയ്ക്കുവരുന്ന കുടുംബനാഥന്മാരുടെ എണ്ണം പെരുകുമ്പോൾ ടിവി ചാനലുകളിലെ സീരിയലുകളിൽ നിന്ന് ആവേശംപൂണ്ട് അല്പം മദ്യത്തിൽ ആരംഭിച്ച് പിന്നീട് അടിമകളായി മാറി ജീവിതം അവസാനിപ്പിക്കുന്നവർ. മയക്കുമരുന്നുകൾ ശരീരത്തിൽ കുത്തിയിറക്കി സുഖംകണ്ടെത്തി ഭാവിനശിപ്പിക്കുന്ന യുവത്വം. ദാരിദ്ര്യം, ഗാർഹികപീഢനങ്ങൾ, വിവാഹമോചനങ്ങൾ, പെരുകുന്ന കുറ്റകൃത്യങ്ങൾ ഇവയെല്ലാം മുന്നിൽ കാണുമ്പോൾ മദ്യത്തിനെതിരെ പൊരുതുവാൻ സാമൂഹികപ്രതിബദ്ധതയുള്ളവർ തീർച്ചയായും മുന്നോട്ടുവരും.

**സാമൂഹികരംഗത്ത് വളർന്നുവരുന്ന അരാജകത്വവും ദുരവസ്ഥയും കണക്കിലെടുത്തുകൊണ്ട് സമ്പൂർണ്ണമദ്യനിരോധനമാണ്. നമുക്കുവേണ്ടത്. പക്ഷേ ഇവിടെ നടക്കുന്നതെന്താണ്, മദ്യമെന്ന വൻ സാമൂഹിക വിപത്തിന്റെ ക്രൂരത വരച്ചുകാട്ടി രാഷ്ട്രീയ നേട്ടത്തിനും ആദർശപരിവേഷത്തിനും കളമൊരുക്കുവാൻ ചിലർ ബോധപൂർവ്വം ശ്രമിക്കുന്നു.** മദ്യ



നിരോധനത്തിനുള്ള ഇവരുടെ നടപടികൾക്ക് ആത്മാർത്ഥതലവലേശമില്ലെന്നും അധികാരമോഹവും സ്വാർത്ഥതയും രാഷ്ട്രീയ നേട്ടവുമാണ് ലക്ഷ്യം വെയ്ക്കുന്നതെന്നും വ്യക്തമാക്കുന്ന തെളിവുകൾ ഒട്ടേറെയുണ്ട്. മദ്യനിരോധനത്തിനായി ഇന്ന് ആവേശംകാട്ടുന്ന ഭരണ നേതൃത്വങ്ങൾ ഇതിനുമുമ്പ് കാലങ്ങളായി മാറിമാറി കേരളം ഭരിച്ചില്ലെ. എംഎൽഎയും എംപിയും മന്ത്രിയുമായിരുന്നപ്പോൾ മദ്യനിരോധനത്തിനായി ചെറുവിരലനക്കാത്തവർ, ഇന്നലെവരെയും മദ്യമാഫിയകൾക്ക് സ്തുതിഗീതം ആലപിച്ചവർ, ജനഹൃദയങ്ങളിൽ ഇരിപ്പിടം കണ്ടെത്തുവാൻ സമൂഹത്തെ കാർന്നുതിന്നുന്ന വിപത്തിനെതിരെ ഇന്ന് ആക്രോശിക്കുന്നതിന്റെ പിന്നിൽ യാതൊരു

ആത്മാർത്ഥതയുമില്ലെന്ന് കാലം തെളിയിച്ചിരിക്കുന്നു.

**നിയമം മൂലമുള്ള നിരോധനങ്ങൾ കൊണ്ട് എല്ലാം നേടാമെന്നുള്ളത് വ്യാമോഹമാണ്. മാറ്റമുണ്ടാകേണ്ടത് മനുഷ്യന്റെ മനസ്സിലാണ്. മദ്യഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള നിരന്തരമായ ബോധവൽക്കരണത്തിലേയ്ക്കാണ് നാം ശ്രദ്ധചെലുത്തേണ്ടത്.** ഉദാഹരണമായി പുകവലിയോ സിഗരറ്റോ നിരോധിച്ചിട്ടില്ല. പൊതുസ്ഥലങ്ങളിലെ പുകവലിയാണ് നിയമംമൂലം നിരോധിച്ചിരിക്കുന്നത്. എന്നാലിന്ന് പുകവലിയുടെ ദൂഷ്യവശങ്ങളെക്കുറിച്ചും ഇതുമൂലമുണ്ടാകുന്ന ശാരീരിക മാനസിക തകർച്ചയെക്കുറിച്ചും നല്ലൊരുശതമാനം ജനങ്ങളും പ്രത്യേകിച്ച് യുവസമൂഹവും ബോധവാന്മാരാണ്. പുകവലി കുറയുവാൻ ഈ ബോധവൽക്കരണപ്രക്രിയയ്ക്കായിട്ടുണ്ട്. ഇത്തരം ബോധവൽക്കരണം മദ്യത്തിന്റെ കാര്യത്തിലും അടിയന്തരമാണ്. ഇക്കാര്യത്തിൽ സർക്കാരിനേപ്പോലെതന്നെ കടമയും ഉത്തരവാദിത്വവും സമുദായങ്ങൾക്കും സാമൂഹിക പ്രസ്ഥാനങ്ങൾക്കുമുണ്ട്.

കേരളത്തിലെ പ്രമുഖ വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിൽ സുപ്രധാന പങ്കാളിത്തം ക്രൈസ്തവസമുദായത്തിനുണ്ട്. ഉന്നതവ്യക്തിത്വങ്ങൾക്കുടമകളായ വരുംതലമുറയെ വാർത്തെടുക്കുന്ന പഠനക്കളരികളിൽ നിന്ന് പഠിച്ചിറങ്ങുന്ന യുവത്വം മദ്യത്തിനും മയക്കുമരുന്നിനും അടിപ്പെട്ട് ജീവിതം തച്ചുടച്ചാൽ ഉത്തരവാദി ആരാണ്? അറിവിന്റെയും അനുഭവങ്ങളുടെയും ലോകത്തിലേയ്ക്ക് പിച്ചവെച്ചെത്തുന്ന കുരുന്നുകളുടെ മനസിലേയ്ക്ക് മദ്യമുൾപ്പെടെയുള്ള സാമൂഹിക വിപത്തുക്കളുടെ ഭീകരത വരച്ചുകാട്ടി അവരെ നേർവഴിനടത്തുവാൻ ശ്രമിക്കാതെ നിയമത്തിലൂടെ നിരോധനമേർപ്പെടുത്തിയാൽ നാടുരക്ഷപെടുമെന്ന ഗീർവാണം ഉത്തരവാദിത്വങ്ങളിൽ നിന്നുള്ള ഒളിച്ചോട്ടമാണ്.

2016 ഏപ്രിൽ 1-ാം തീയതി മുതൽ ബീഹാർ സർക്കാർ ഗ്രാമീണമേഖലയിൽ ചാരായം നിരോധിച്ചു. മദ്യത്തിനെതിരെ രൂപപ്പെട്ട സാമൂഹിക വികാരം നാലുനാൾക്കുശേഷം സർക്കാരിനെ സമ്പൂർണ്ണ മദ്യനിരോധനത്തിലേയ്ക്കും നയിച്ചു. ഇതാണ് സാമൂഹിക പ്രതിബദ്ധത. **730 ബാർ ഹോട്ടലുകൾ പൂട്ടി വീടുകൾ ബാറുകളാക്കി മാറ്റിയവരും ബിവറേജുഷോപ്പുകളിലൂടെ നാട്ടിലുടനീളം മദ്യമൊഴുക്കി ജനങ്ങളെ മുക്കിക്കൊല്ലുന്നവരും ബീഹാർ സർക്കാരിന്റെ മദ്യനിരോധന ഇച്ഛാശക്തി കണ്ടുപഠിക്കട്ടെ. ഇത്തരം ഉറച്ചതീരുമാനങ്ങളെടുക്കുവാനും നടപ്പിൽ വരുത്തുവാനും സാമൂഹിക പ്രതിബദ്ധത മാത്രമല്ല നട്ടെല്ലും വേണം. അതില്ലാത്ത രാഷ്ട്രീയ നേതൃത്വങ്ങളുടെ വാചകക്കസർത്തുകളിലും മോഹനവാഗ്ദാനങ്ങളിലും നാമിനിയും വീഴരുത്.**

**ഷെവലിയർ അഡ്വ.വി.സി.സെബാസ്റ്റ്യൻ**
**ചീഫ് എഡിറ്റർ**

# ലോകജനസംഖ്യയിൽ കത്തോലിക്കരുടെ എണ്ണം വർദ്ധിക്കുന്നു; ആഫ്രിക്കയിലെയും ഏഷ്യയിലെയും വളർച്ച ലോകത്തെ അമ്പരപ്പിക്കുന്നു



കത്തോലിക്കാ വിശ്വാസത്തിനെതിരെ രാജ്യങ്ങൾ നിയമങ്ങൾ നിർമ്മിക്കുമ്പോഴും, പലസ്ഥലങ്ങളിലും ക്രിസ്ത്യാനികളെ കൂട്ടക്കൊലചെയ്യുമ്പോഴും ക്രിസ്തുവിന്റെ സഭ വളർന്നുകൊണ്ടിരിക്കുന്നു. ലോകജനസംഖ്യയിൽ കത്തോലിക്കരുടെ എണ്ണം വർദ്ധിക്കുന്നതായി സ്ഥിതിവിവരക്കണക്കുകൾ സൂചിപ്പിക്കുന്നു. ലോകത്തെ അമ്പരപ്പിച്ചുകൊണ്ട് ആഫ്രിക്കയിലും ഏഷ്യയിലും വൻവർദ്ധനയാണ് കണക്കുകൾ ചൂണ്ടിക്കാണിക്കുന്നത്.

വത്തിക്കാൻ പ്രസ് പ്രസിദ്ധീകരിച്ച ലോക കത്തോലിക്കാ സ്ഥിതിവിവരക്കണക്കനുസരിച്ച് 2005-ൽ 111 കോടി (ലോകജനസംഖ്യയുടെ 17.3%) ആയിരുന്ന കത്തോലിക്കാജനസംഖ്യ, 2014 ആയപ്പോൾ 127 കോടി (ലോകജനസംഖ്യയുടെ 17.8%) ആയി ഉയർന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

പഠനവിഷയമാക്കിയ കാലഘട്ടത്തിൽ ആഫ്രിക്കയിൽ കത്തോലിക്കാ ജനസംഖ്യ 41% ഉയരുകയുണ്ടായി. ഏഷ്യയിൽ അതേ കാലഘട്ടത്തിലെ കത്തോലിക്കാ ജനസംഖ്യയുടെ വളർച്ച 20% ആയിരുന്നു. അതേ കാലഘട്ടത്തിൽ തെക്ക്-വടക്ക് അമേരിക്കകളിൽ കത്തോലിക്കാ ജനസംഖ്യയുടെ വളർച്ച 11.7% ആയിരുന്നു. ഓഷ്യാനയിൽ 0.8% വളർച്ചയും യൂറോപ്പിൽ 2% വളർച്ചയുമാണ് പ്രസ്തുത കാലഘട്ടത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

2014 ലെ കണക്കനുസരിച്ച് ലോകത്താകമാനമുള്ള കത്തോലിക്കരിൽ 48% ജീവിക്കുന്നത് തെക്ക്-വടക്കൻ അമേരിക്കകളിലാണ്. അത് യൂറോപ്പിൽ 22.6%ഉം ആഫ്രിക്കയിൽ 17%ഉം ആണ്. ഏഷ്യയിൽ അത് 10.9%ഉം ഓഷ്യാനയിൽ 0.8%ഉം ആണ്.

വൈദികരുടെ എണ്ണം 2005ൽ 4,06,411 ആയിരുന്നത് 2014ൽ 4,57,929 ആയി ഉയർന്നു. ശെമ്മാശന്മാരുടെ എണ്ണം അതേ കാലയളവിൽ 33,000-ത്തിൽ നിന്നും 44,566 ആയി. വൈദികരുടെ എണ്ണത്തിൽ ആഫ്രിക്കയിൽ 32.6% വളർച്ചയുണ്ടായപ്പോൾ, ഏഷ്യയിൽ 27.1% വളർച്ചയുണ്ടായതായി കണക്കുകൾ സൂചിപ്പിക്കുന്നു. സഭാപ്രവർത്തകരായ പുരുഷന്മാരുടെ എണ്ണത്തിൽ ആഫ്രിക്കയിലും ഏഷ്യയിലും വളർച്ചയുണ്ടായി. സ്ഥിരശെമ്മാശന്മാരിൽ 97.5% പേരും അമേരിക്കകളിലും യൂറോപ്പിലുമാണ് ജീവിക്കുന്നത്.

വിശുദ്ധ ജോൺ പോൾ രണ്ടാമന്റെ കാലഘട്ടത്തിൽ വർദ്ധിച്ചു തുടങ്ങിയ വൈദിക വിദ്യാർത്ഥികളുടെ എണ്ണം 1978-ൽ 63,882 ആയിരുന്നത് 2005-ൽ 1,14439 ആയി. 2011ലും വൈദികവിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചു 1,16,939). ആഫ്രിക്കയിലും ഏഷ്യയിലുമാണ് വൈദിക വിദ്യാർത്ഥികളുടെ എണ്ണത്തിൽ വലിയ വർദ്ധനവ് ഉണ്ടായത് (യഥാക്രമം 30.9%, 29.4%)

അവലംബം: Annuarium Statisticum Ecclesiae (2014) Annuario Pontifici (2016)

# ക്രൈസ്തവ വിശ്വാസിയെ

## ബംഗ്ളാ ഭീകരർ വധിച്ചു

ധാക്ക: മതപരിവർത്തനം ചെയ്തു ക്രൈസ്തവ വിശ്വാസം സ്വീകരിച്ചയാളെ വടക്കൻ ബംഗ്ളാദേശിൽ ഇസ്ലാമിസ്റ്റു ഭീകരർ വെട്ടിക്കൊന്നു. സ്വാതന്ത്ര്യസമര സേനാനിയും മുൻ ഫാമിലി പ്ലാനിംഗ് ഇൻസ്പെക്ടറുമായ ഹുസൈൻ അലിയെയാണു(65) മോട്ടോർ ബൈക്കിൽ വന്ന മൂന്ന് അക്രമികൾ പട്ടാപ്പകൽ കൊലപ്പെടുത്തിയത്.

വടക്കൻ ബംഗ്ളാദേശിലെ കുരിഗ്രാം പട്ടണത്തിൽ കഴുത്തുമുറിഞ്ഞ നിലയിൽ അലിയുടെ മൃതദേഹം കണ്ടെടുത്തതായി പോലീസ് അറിയിച്ചു.അക്രമികൾ നാടൻ ബോംബു പൊട്ടിച്ചശേഷം കടന്നുകളഞ്ഞു. 17വർഷംമുമ്പാണ് അലി ക്രൈസ്തവ വിശ്വാസം സ്വീകരിച്ചത്.

ബംഗ്ളാദേശിൽ ഹൈന്ദവ,ക്രൈസ്തവ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് എതിരേ അടുത്തകാലത്ത് ആക്രമണം വർധിച്ചുവരികയാണ്. മതേതര ബ്ളോഗ് എഴുത്തുകാരും വിദേശികളും ആക്രമിക്കപ്പെട്ട സംഭവങ്ങളും ഉണ്ടായി.

ഫെബ്രുവരിയിൽ പഞ്ചഗാർ ജില്ലയിൽ ഹിന്ദുക്ഷേത്രത്തിലെ പൂജാരിയെ ഇസ്ലാമിസ്റ്റുകൾ വധിച്ചു. കഴിഞ്ഞവർഷം ഇറ്റാലിയൻ ജീവകാരുണ്യ പ്രവർത്തകൻ സീസർ ടവെല്ലാ, ജാപ്പനീസ് കർഷകനായ കുനിയോ ഹോഷി എന്നിവർ കൊല്ലപ്പെട്ടു.

### ഐഎസിനു സഹായം നൽകിയ വിദ്യാർഥിനി അറസ്റ്റിൽ

സിഡ്നി: ഐഎസിനുവേണ്ടി ഫണ്ടു സമാഹരിച്ചതിനു 16 വയസുള്ള സ്കൂൾ വിദ്യാർഥിനിയെയും 20കാര നെയും അറസ്റ്റു ചെയ്തതായി ഓസ്ട്രേലിയൻ പോലീസ് അറിയിച്ചു.

### ഐഎസ് കേന്ദ്രത്തിൽ സഖ്യസേനയുടെ ആക്രമണം

വാഷിംഗ്ടൺ: ഇറാക്കിലെയും സിറിയയിലെയും ഐഎസ് (ഇസ്ലാമിക് സ്റ്റേറ്റ്) ശക്തി കേന്ദ്രങ്ങളിൽ അമേരിക്കൻ സഖ്യസേന ആക്രമണം നടത്തി. ഐഎസ് സ്വാധീനമുള്ള 24 കേന്ദ്രങ്ങളിൽ വ്യോമാക്രമണം നടത്തിയതായി സംയുക്ത വാർത്താ കുറിപ്പിലൂടെയാണ് സഖ്യസേന അറിയിച്ചത്. സിറിയയിലെ രണ്ടു പട്ടണങ്ങളിലും ഇറാക്കിലെ പത്ത് പ്രദേശങ്ങളിലുമാണ് വ്യോമാക്രമണം നടത്തിയത്.

# റോമൻ കൊളോസിയത്തെ ഭക്തിസാന്ദ്രമാക്കി മലയാളികളുടെ കുരിശിന്റെവഴി



റോം: രക്തസാക്ഷികളുടെ ചുടുനിണം വീണു കുതിർന്ന റോമിലെ കോളോസിയത്തിലേക്കു സാന്താ അനസ്താസ്യാ ബസിലിക്കയിൽ നിന്നു മലയാളികൾ നടത്തിയ കുരിശിന്റെ വഴി ഭക്തിസാന്ദ്രമായി.

റോമിലെ സീറോ മലബാർ ഇടവകയുടെ നേതൃത്വത്തിൽ കേരളത്തിൽ നിന്നുള്ള ലത്തീൻ സഭാംഗങ്ങളുടെ സഹകരണത്തോടെയാണ് ഓശാന ഞായറാഴ്ച ഉച്ചകഴിഞ്ഞ് കുരിശിന്റെ വഴിയും കുരുത്തോലകൾ പിടിച്ചുള്ള പ്രദിക്ഷണവും നടത്തിയത്. വൈദികരും സമർപ്പിതരും വൈദികവിദ്യാർഥികളും അല്മായ വിശ്വാസികളുമടക്കം ആയിരത്തിലധികം പേർ പങ്കെടുത്തു.

കുരിശിന്റെ വഴിയും മാതൃജ്യോതിയുടെ നേതൃത്വത്തിലുള്ള കുരിശിന്റെ വഴിയുടെ ദൃശ്യാവിഷ്കാരവും റോമിലെ മറ്റു തീർഥാടകരുടെ ഹൃദയത്തെ ആഴത്തിൽ സ്പർശിച്ചു.

ഷിക്കാഗോ സെന്റ് തോമസ് സീറോ മലബാർ രൂപത സഹായ മെത്രാൻ മാർ ജോയി ആലപ്പാട്ട്, റോമൻ രൂപതയുടെ പ്രവാസകാര്യാലയ ഡയറക്ടർ മോൺ. പിയർ പൗളോ ഫെലീക്കോളോ, മോൺ. സ്റ്റീഫൻ ചിറപ്പണത്ത്, ഫാ. ജോസഫ് സ്രാമ്പിക്കൽ, ഫാ. ആന്റണി അറയ്ക്കൽ, ഫാ. അൽഫോൻസ് വാഴപ്പനാടി ഒ. എഫ്. എം., ഫാ. ബിജു മുട്ടത്തുകുന്നേൽ, ഫാ. ബിനോജ് മുളവരിക്കൽ, ഫാ. ബിനു ആരീത്തറ, സിസ്റ്റർ സെസിൽ സി. എച്ച്. എഫ്, സിസ്റ്റർ എലിസബത്ത് എസ്. എ. ബി. എസ്, ഡീക്കൻ ഷിനു ഞാമത്തോലിൽ, ഡീക്കൻ പ്രതീഷ് കല്ലറയ്ക്കൽ, ഡീക്കൻ ജിന്റോ പടയാട്ടിൽ, ഡെയിസൺ തെക്കൻ, ബേബി കോയിക്കൽ, തോമസ് ഉപ്പിണി, മനു മാളിയേക്കൽ, ചാണ്ടി പ്ലാമൂട്ടിൽ, സുനിൽ ആനിക്കാത്തോട്ടത്തിൽ, ഡെന്നി ചിറപ്പണത്ത്, ബേബി പറത്താത്ത്, ജെയിൻ തട്ടാംപറമ്പിൽ, മേരി തോമസ് ഇരുമ്പൻ, എൽസി ചാണ്ടി, മില്ലറ്റ് തുടങ്ങിയവർ കുരിശിന്റെ വഴിക്ക് നേതൃത്വം നല്കി. സാന്താ അനസ്താസ്യാ ബസിലിക്കയിൽ നടന്ന ഓശാന ഞായർ തിരുക്കർമങ്ങൾക്ക് മാർ ജോയി ആലപ്പാട്ട് പ്രധാന കാർമികത്വം വഹിച്ചു.

## ഐഎസ് ഭീഷണി വീണ്ടും; ക്രിസ്ത്യൻ രാജ്യങ്ങളെ തകർക്കും



ലണ്ടൻ: ക്രിസ്ത്യൻ രാജ്യങ്ങളെ തകർക്കുമെന്ന് ഇസ്ലാമിക് സ്റ്റേറ്റ് ഭീകരർ. കത്തോലിക്കാ സഭയുടെ ആസ്ഥാനമായ റോമിൽ ആക്രമണം നടത്തുമെന്നും വീഡിയോ സന്ദേശത്തിലൂടെ ഐഎസ് ഭീഷണി മുഴക്കി. ലണ്ടനിലും ബർലിനിലും ആക്രമണം നടത്തുമെന്നും പാരീസ് ആക്രമണത്തെക്കുറിച്ചും വീഡിയോയിൽ പറയുന്നു. ഇന്നലെ പാരീസ് ആയിരുന്നെങ്കിൽ നാളെയത് ലണ്ടനോ ബർലിനോ റോമോ ആയിരിക്കും. ക്രിസ്ത്യൻ രാജ്യങ്ങൾക്കുള്ള മുന്നറിയിപ്പാണിത്. നിങ്ങൾ ഇസ്ലാമിൽ ചേരുക. അല്ലെങ്കിൽ ആദരാഞ്ജലികൾ അർപ്പിക്കുക. നിങ്ങൾക്കുമുമ്പിൽ കുറച്ചുവഴികൾ മാത്രമാണുള്ളതെന്നും വീഡിയോയിൽ പറയുന്നു. ബ്രിട്ടീഷ് പാർലമെന്റ്, ഈഫൽ ടവർ എന്നിവ തകർന്നടിയുന്നതിന്റെ ദൃശ്യങ്ങളും പാരീസിലും ബ്രസൽസിലും നടത്തിയ ആക്രമണത്തിന്റെ ദൃശ്യങ്ങളും വീഡിയോയിൽ കാണിച്ചിട്ടുണ്ട്.

# ദാരിദ്ര്യത്തിനും രോഗങ്ങൾക്കുമെതിരേ പോരാടുക: ഫ്രാൻസിസ് മാർപാപ്പ



വത്തിക്കാൻസിറ്റി: ലോകത്തിലെ വിഭവങ്ങൾ ദാരിദ്ര്യത്തിനും രോഗങ്ങൾക്കും എതിരായ പോരാട്ടത്തിനു വിനിയോഗിക്കാൻ ഫ്രാൻസിസ് മാർപാപ്പയുടെ ആഹ്വാനം. അഭയാർഥികളെയും കുടിയേറ്റക്കാരെയും സംരക്ഷിക്കാൻ ലോകം മുന്നിട്ടിറങ്ങണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

ഈസ്റ്റർ ദിനത്തിൽ നഗരത്തിനും ലോകത്തിനുമായുള്ള (ഊർബി എത് ഓർബി) സന്ദേശത്തിലാണു മാർപാപ്പയുടെ ആഹ്വാനം.

വിവിധ രാജ്യങ്ങളിലെ ഭീകരാക്രമണങ്ങളും സംഘർഷങ്ങളും പരാമർശിച്ചുകൊണ്ടായിരുന്നു സന്ദേശം. വിവിധ നാടുകളിൽ ബന്ദികളാക്കപ്പെട്ടവരുടെ മോചനത്തിനു വേണ്ടിയും അദ്ദേഹം അഭ്യർഥിച്ചു.

പലസ്തീനിലെയും പശ്ചിമേഷ്യയിലെയും വിവിധ ആഫ്രിക്കൻ രാജ്യങ്ങളിലെയും സംഘർഷം അവസാനിപ്പിക്കണമെന്ന് അദ്ദേഹം അഭ്യർഥിച്ചു. ഉത്ഥാനം ചെയ്ത രക്ഷകന്റെ ഈസ്റ്റർ സന്ദേശം എല്ലാ ജനതകൾക്കുമുള്ളതാണ്; അതു കാലം തോറും മാറ്റൊലി കൊള്ളുന്നു; മെച്ചപ്പെട്ടൊരു ഭാവി തേടുന്ന കുടിയേറ്റക്കാരുടെയും യുദ്ധത്തിലും വിശപ്പിലും പട്ടിണിയിലും ദാരിദ്ര്യത്തിലും അനീതിയിലും നിന്ന് രക്ഷതേടുന്ന അഭയാർഥികളുടെയും കാര്യം വിസ്മരിക്കരുതെന്ന് ഈസ്റ്റർ നമ്മോടു പറയുന്നു: മാർപാപ്പ വിശദീകരിച്ചു.

കർത്താവിനു നന്ദി പറയുവിൻ; അവിടുന്നു നല്ലവനാണ്; അവിടുത്തെ കാരുണ്യം അനന്തമാണ് എന്ന 136-ാം സങ്കീർത്തനവാക്യം ഉദ്ധരിച്ചാണു മാർപാപ്പ സന്ദേശമാരംഭിച്ചത്. ദാഹിക്കുന്നവർക്കു ഞാൻ ജീവജലത്തിന്റെ ഉറവയിൽനിന്നു വെള്ളം നല്കും എന്ന വെളിപാടു പുസ്തകത്തിലെ വാക്യം ഉദ്ധരിച്ചായിരുന്നു സമാപനം.

ഭീകരാക്രമണ ഭീഷണിക്കിടയിലും രണ്ടു ലക്ഷത്തിലേറെപ്പേർ ഈസ്റ്റർ ദിവ്യബലിയിൽ സംബന്ധിച്ചു. വിശുദ്ധ പത്രോസിന്റെ ബസിലിക്കയിലല്ല, ചത്വരത്തിലായിരുന്നു രാവിലെ പത്തിനു മാർപാപ്പ ദിവ്യബലി അർപ്പിച്ചത്.

## ലാഹോറിലെ ഭീകരാക്രമണം: ക്രൈസ്തവരുടെ സുരക്ഷ ഉറപ്പാക്കണമെന്ന് മാർപാപ്പ

വത്തിക്കാൻ സിറ്റി: പാക്കിസ്ഥാനിലെ ന്യൂനപക്ഷ ക്രൈസ്തവരുടെ സുരക്ഷ ഉറപ്പാക്കാൻ സർക്കാർ നടപടി സ്വീകരിക്കണമെന്നു ഫ്രാൻസിസ് മാർപാപ്പ ആവശ്യപ്പെട്ടു. സെന്റ് പീറ്റേഴ്സ് ദേവാലയാങ്കണത്തിൽ പ്രാർഥനാവേളയിൽ വിശ്വാസികളെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

ഈസ്റ്റർ ദിനത്തിൽ പാക് നഗരമായ ലാഹോറിൽ ചാവേർ ആക്രമണത്തിൽ മരിച്ചവർക്കു വേണ്ടി മാർപാപ്പ പ്രാർഥിച്ചു. ജീവഹാനി നേരിട്ട 72 പേരിൽ ഭൂരിഭാഗവും ക്രൈസ്തവരാണ്. ഇവരിൽ നിരവധി സ്ത്രീകളും കുട്ടികളും ഉൾപ്പെടുന്നു. 350 പേർക്കു പരിക്കേറ്റിട്ടുണ്ട്.

ഈസ്റ്ററിന്റെ സന്തോഷം പങ്കുവയ്ക്കാൻ ലാഹോറിലെ പാർക്കിൽ ഒത്തുകൂടിയവരെ ലക്ഷ്യമിട്ടു നടത്തിയ ഈ ചാവേർ ആക്രമണം അങ്ങേയറ്റം നീചമാണെന്നു മാർപാപ്പ പറഞ്ഞു. വിദ്വേഷവും അക്രമവും നാശത്തിനും വേദനയ്ക്കും മാത്രമേ ഇടയാക്കൂ. പരസ്പരബഹുമാനവും സൗഹാർദ്ദവുമാണു സമാധാനത്തിനുള്ള മാർഗം. പാക്കിസ്ഥാനിലെ സിവിൽ അധികാരികളും സാമൂഹിക നേതൃത്വവും മതന്യൂനപക്ഷങ്ങളുടെ സുരക്ഷയും സംരക്ഷണവും ഉറപ്പുവരുത്തുന്നതിനു പ്രത്യേകം ശ്രദ്ധിക്കണം. ലാഹോറിൽ ദുരന്തത്തിനിരയായവർക്കു വേണ്ടി വിശ്വാസികളുടെ പ്രാർഥനയും മാർപാപ്പ അഭ്യർഥിച്ചു.

## ലാഹോർ: ലക്ഷ്യം ക്രൈസ്തവർ

ലാഹോർ: 72 പേരുടെ മരണത്തിനിടയാക്കിയ ചാവേർ ബോംബ് സ്ഫോടനത്തിന്റെ ലക്ഷ്യം ക്രൈസ്തവർ. സ്ഫോടനത്തിന്റെ ഉത്തരവാദിത്വം ജമാ അത്ത് ഉൽ അഹ്റാർ (ജെയുഎ) ഏറ്റെടുത്തു. പാക്കിസ്ഥാനി താലിബാന്റെ (തേഹ്രീക് ഇ താലിബാൻ - പാക്കിസ്ഥാൻ അഥവാ ടിടിപി) ഒരു വിഘടിത വിഭാഗമാണിത്. ഇപ്പോൾ ഈ ഗ്രൂപ്പ് ഇസ്‌ലാമിക് സ്റ്റേറ്റ് (ഐഎസ്) ഭീകരരുമായി അടുപ്പത്തിലാണ്.

ഈസ്റ്റർ ദിവസം സായാഹ്നത്തിൽ ലാഹോറിലെ തിരക്കേറിയ ഗുൽഷൻ ഇ ഇഖ്ബാൽ പാർക്കിലായിരുന്നു സ്ഫോടനം. 29 കുട്ടികളും എട്ടു സ്ത്രീകളും മരിച്ചവരിൽപ്പെടുന്നു. മുന്നൂറിലേറെപ്പേർക്കു പരിക്കേറ്റു. മരിച്ചവരിൽ 20 പേർ ക്രൈസ്തവരാണ്. ജമാ അത്ത് ഉൽ അഹ്റാറിന്റെ വക്താവ് ഇഹ്സാനുല്ല ഇഹ്സാൻ, ടെലഗ്രാഫ് പത്രത്തിനു നല്കിയ അഭിമുഖത്തിലാണു സ്ഫോടനത്തിന്റെ ഉത്തരവാദിത്വം ഏറ്റത്. ഈസ്റ്റർ ആഘോഷത്തിനിടെ ക്രൈസ്തവരെ ആക്രമിച്ചതിന്റെ ഉത്തരവാദിത്വം ഞങ്ങൾ ഏൽക്കുന്നു. ഈ വർഷം ഞങ്ങൾ ആരംഭിച്ച വാർഷിക രക്തസാക്ഷിത്വ ആക്രമണത്തിന്റെ ഭാഗമാണിത്. ഈ അവസരത്തിനായി ഞങ്ങൾ കാത്തിരിക്കുകയായിരുന്നു. ഞങ്ങൾ പഞ്ചാബിൽ എത്തിയെന്നും നിങ്ങളെ സമീപിക്കുമെന്നും പ്രധാനമന്ത്രിയെ അറിയിക്കാനും ഞങ്ങൾ ഉദ്ദേശിക്കുന്നു എന്നാണ് വക്താവ് പറഞ്ഞത്. തെക്കൻ പഞ്ചാബിലെ മുസാഫർഗഢിനടുത്തുള്ള ഗുലാം ഫരീദ് എന്നയാളുടെ മകൻ മുഹമ്മദ് യൂസഫാണു പാർക്കിൽ ചാവേർ ആയതെന്നു പോലീസ് പറഞ്ഞു. ഇയാൾക്ക് 28 വയസുണ്ട്.

# സംയോജിത സാമ്പത്തിക പങ്കാളിത്ത ഉടമ്പടി കാർഷികമേഖലയെ തകർക്കും: ഇൻഫാം

കൊച്ചി: കേന്ദ്രസർക്കാർ പതിനൊന്ന് റൗണ്ട് ചർച്ചകൾ പൂർത്തിയാക്കി ഒപ്പിടാനൊരുങ്ങുന്ന സംയോജിത സാമ്പത്തിക പങ്കാളിത്ത അന്താരാഷ്ട്ര ഉടമ്പടി കാർഷികമേഖലയ്ക്ക് വൻപ്രഹരമേൽപ്പിക്കുമെന്നും നികുതി പരിപൂർണ്ണമായി ഒഴിവാക്കിയുള്ള ഇറക്കുമതിക്ക് അംഗീകാരം നൽകുന്ന സ്വതന്ത്ര്യവ്യാപാരകരാറിൽ നിന്ന് കേന്ദ്രസർക്കാർ പിന്തിരിയണമെന്നും രാഷ്ട്രീയത്തിനതീതമായി കർഷകപ്രസ്ഥാനങ്ങൾ ഈ കരാറുകൾക്കെതിരെ പ്രക്ഷോഭത്തിനായി മുന്നോട്ടുവരണമെന്നും ഇൻഫാം അഭ്യർത്ഥിച്ചു.

പത്ത് ആസിയാൻ രാജ്യങ്ങളും ഇന്ത്യ, ചൈന, ആസ്ട്രേലിയ, ജപ്പാൻ, ന്യൂസിലാന്റ്, തെക്കൻകൊറിയ എന്നീ രാഷ്ട്രങ്ങളും ഒരു കുടക്കീഴിൽ അണിചേർന്ന് ഇറക്കുമതി തീരുവ ഒഴിവാക്കിയുള്ള സ്വതന്ത്രവ്യാപാരകരാർ 2016 സെപ്തംബറിൽ ഒപ്പിടുമ്പോൾ കാർഷിക മേഖലയിലെ ഇന്നത്തെ പ്രതിസന്ധികൾ വീണ്ടും അതിരൂക്ഷമാകും. ഇതൊടൊപ്പം അമേരിക്കയുടെ നേതൃത്വത്തിൽ ശാന്ത സമുദ്രതീരത്തെ പന്ത്രണ്ടു രാഷ്ട്രങ്ങൾ ചേർന്നുള്ള ട്രാൻസ് പസഫിക് പാർട്ണർഷിപ്പ് സ്വതന്ത്ര്യവ്യാപാരക്കരാറിലും ഇന്ത്യ പങ്കുചേരുന്നത് കാർഷിക സമ്പദ്ഘടനയിൽ വൻ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും.

1990ലെ സാമ്പത്തിക ഉദാരവൽക്കരണ നടപടികളും, 1994ലെ ഗാട്ടുകരാറും, 1995ലെ ലോകവ്യാപാര സംഘടനയിൽ അംഗത്വവും, 1996ലെ ആസിയാൻ റീജണൽ ഫോറത്തിലെ പങ്കാളിത്തവും, 2002ലെ ഇന്ത്യ ആസിയാൻ ഉച്ചകോടിയും 2003ലെ ആസിയാൻ സാമ്പത്തിക സഹകരണവും 2004ലെ ആസിയാൻ അംഗരാജ്യങ്ങളുമായുള്ള സ്വതന്ത്ര വ്യാപാര കരാറും 2009ലെ ചരക്കുകടത്തു നിയന്ത്രണങ്ങൾ എടുത്തുമാറ്റലും ഉൾപ്പെടെ ഇന്ത്യ ഏർപ്പെട്ട അന്താരാഷ്ട്ര കരാറുകളുടെ വൻവീഴ്ചകൾ അതിരൂക്ഷമായി കാലങ്ങൾക്കുശേഷം കാർഷികമേഖല അനുഭവിക്കുകയാണ്.

ഗാട്ട്, ലോകവ്യാപാര സംഘടന, ആസിയാൻ കരാറുകളിൽ ഇന്ത്യയിൽ ഇപ്പോൾ ചെറിയതോതിൽ മാത്രം ഏർപ്പെടുത്തിയിരിക്കുന്ന ഇറക്കുമതി നിയന്ത്രണങ്ങളും ഇറക്കുമതിച്ചുങ്കവും എടുത്തുകളയുകയോ പരമാവധി കുറയ്ക്കുകയോ ചെയ്യുക എന്നതാണ് പുത്തൻ അന്താരാഷ്ട്ര കരാറിന്റെ പ്രധാനലക്ഷ്യം. ഇപ്പോൾ റബറിന്റെ ഇറക്കുമതി തീരുവ 25ശതമാനമാണ്. ഈ കരാറിലൂടെ ഈ തീരുവ അഥവാ നികുതി എടുത്തുമാറ്റപ്പെടാം. നിലവിലുള്ള 25 ശതമാനത്തേക്കാൾ കുറഞ്ഞ നിരക്കിലേയ്ക്ക് തീരുവ മാറുമെന്ന കാര്യത്തിൽ സംശയം വേണ്ട. നിലവിലുള്ള ഇറക്കുമതിച്ചുങ്കത്തിന്റെ 80 ശതമാനവും വെട്ടിച്ചുരുക്കണമെന്നാണ് ഇതിനോടകം നടന്ന പതിനൊന്ന് റൗണ്ട് ചർച്ചകളിലും പങ്കാളിത്ത രാജ്യങ്ങൾ ആവർത്തിച്ച് ആവശ്യപ്പെട്ടിരിക്കുന്നത്. അതായത് റബറിന്റെ ഇറക്കുമതിച്ചുങ്കം പുത്തൻകരാറിൽ 5 ശതമാനമായി കുറയാം. പത്തുവർഷത്തിനുള്ളിൽ നികുതിരഹിത ഇറക്കുമതിയും ആർ.സി.ഇ.പി.ലക്ഷ്യമിടുന്നു. രാഷ്ട്രീയനേതൃത്വങ്ങളും കർഷകപ്രസ്ഥാനങ്ങളും പൊതുസമൂഹവും ഈ അന്താരാഷ്ട്ര കരാറുകളെക്കുറിച്ച് വൈകിയവേളയിലെങ്കിലും ചർച്ചകൾക്കും സംവാദത്തിനും മുന്നോട്ടുവരണമെന്നും കേന്ദ്രസർക്കാർ ഈ കരാറുകളുടെ വിശദാംശങ്ങൾ പുറത്തുവിടണമെന്നും ഇൻഫാമിന്റെയും കർഷക ഐക്യവേദിയായ ദ പീപ്പിളിന്റെയും നേതൃത്വത്തിൽ ഈ കരാറുകളുടെ പ്രത്യാഘാതങ്ങളെക്കുറിച്ച് പൊതുസമൂഹത്തെ ബോധവൽക്കരിക്കുമെന്ന് ഇൻഫാം ദേശീയസമിതി സൂചിപ്പിച്ചു.

## കർഷകനോടു പോയി പണിനോക്കാൻ കേന്ദ്രമന്ത്രി സഞ്ജീവ് ബല്യാൻ

ന്യൂഡൽഹി: ആത്മഹത്യയുടെ വക്കിലാണെന്നും സഹായിക്കണമെന്നും പറഞ്ഞ കർഷകനോട് പോയി പണി നോക്കാൻ കേന്ദ്ര കൃഷി സഹമന്ത്രി. മന്ത്രി സഞ്ജീവ് ബല്യാനാണു രാജസ്ഥാനിലെ കർഷകനോട് തോന്നിയപോലെ ചെയ്യാൻ പറഞ്ഞത്. രാജസ്ഥാനിലെ ടോങ്കിൽ ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രിക്കൾച്ചറൽ റിസേർച്ച് സംഘടിപ്പിച്ച പരിപാടിക്കിടെയാണു സംഭവം. പ്രദേശവാസിയായ ഗിരിരാജ് ജാട്ട് എന്ന കർഷകനാണു പരാതിയുമായി മന്ത്രിക്കരികിലെത്തിയത്. ആർണിയ കാക്ഡ ഗ്രാമത്തിൽ നിരവധി ദിവസമായി വൈദ്യുതിയില്ലെന്നും ഇതു തന്റെ കൃഷിയെ പ്രതികൂലമായി ബാധിച്ചുവെന്നുമായിരുന്നു ഗിരിരാജിന്റെ പരാതി. വൈദ്യുതി തടസം മൂലം തോട്ടം നനയ്ക്കാൻ കഴിയുന്നില്ല. കൃഷിനാശമുണ്ടായാൽ ആത്മഹത്യയല്ലാതെ മറ്റു മാർഗമില്ലെന്നും ഗിരിരാജ് പറഞ്ഞപ്പോഴാണ് പോയി പണി നോക്കാൻ മന്ത്രി ആക്രോശിച്ചത്. എന്നാൽ, കർഷകനും മാധ്യമങ്ങളും വെറുതെ വിവാദമുണ്ടാക്കാൻ ശ്രമിക്കുകയാണെന്നാണു സഞ്ജീവ് ബല്യാൻ പറയുന്നത്.

# റബർ പ്രതിസന്ധി

## കേന്ദ്രസർക്കാർ ഉത്തരവാദിത്വങ്ങളിൽ നിന്ന് ഒളിച്ചോടുന്നു: ഇൻഫാം

കോട്ടയം: റബർ മേഖലയിലെ പ്രതിസന്ധി പരിഹാരമില്ലാതെ അതിരൂക്ഷമായി തുടരുമ്പോൾ അടിയന്തര ഇടപെടലുകൾ നടത്തേണ്ട കേന്ദ്രസർക്കാർ ഉത്തരവാദിത്വങ്ങളിൽ നിന്ന് ഒളിച്ചോടാതെ റബർ കർഷകരോടുള്ള നിഷേധനിലപാട് തിരുത്തുവാൻ തയ്യാറാകണമെന്ന് ഇൻഫാം ദേശീയ സമിതി അഭ്യർത്ഥിച്ചു.

കേന്ദ്രബജറ്റിൽ റബർ കർഷകരെ സഹായിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഒന്നുമുണ്ടായില്ല. 2022 നോടുകൂടി കർഷകരുടെ വരുമാനം ഇരട്ടിയാക്കുമെന്ന് കൊട്ടിഘോഷിക്കുന്നവർ റബർ കർഷകരുടെ നിലവിലുള്ള വരുമാനം പൂജ്യത്തിലെത്തിയിരിക്കുന്നത് നിഷ്ക്രിയരായി നോക്കിക്കാണുന്നത് വിരോധാഭാസമാണ്.

റബർ പ്രതിസന്ധിയിൽ വിഘടിച്ചുനിൽക്കാതെ ഒറ്റക്കെട്ടായി പ്രതികരിക്കുന്നതിലും ഇടപെടലുകൾ നടത്തുന്നതിലും കേരളത്തിലെ രാഷ്ട്രീയ നേതൃത്വങ്ങളും പരാജയപ്പെട്ടു. പക്ഷേ യുപിഎ സർക്കാർ ഒപ്പിട്ട അന്താരാഷ്ട്ര കരാറുകളുടെ പേരിൽ മോദിസർക്കാർ റബർ കർഷകരോടു കാണിക്കുന്ന അവഗണന അവസാനിപ്പിക്കുവാൻ തയ്യാറാകണം.

1998-2004 കാലഘട്ടങ്ങളിൽ കേന്ദ്രം ഭരിച്ചത് വാജ്പേയി സർക്കാരാണ്. 2002ലാണ് ആസിയാൻ കരാറിന്റെ കംബോഡിയ ചർച്ചകളും സുപ്രധാന തീരുമാനങ്ങളുമുണ്ടായത്. 2003ലാണ് ആസിയാൻ സാമ്പത്തിക സഹകരണ കരാറിന് അംഗീകാരം നൽകിയത്. 2004ലാണ് ആസിയാൻ കരാർ നടപ്പിലായത്. അതിനാൽ തന്നെ കാർഷികമേഖലയ്ക്ക് വെല്ലുവിളികളുയർത്തുന്ന അന്താരാഷ്ട്ര കരാറുകളുടെ ഉത്തരവാദിത്വത്തിൽ നിന്ന് ബിജെപി സർക്കാരിനും ഒഴിഞ്ഞുമാറാനാവില്ല. ഗാട്ട്, ആസിയാൻ കരാറുകളുടെ പിൻബലത്തിൽ തായ്‌ലണ്ട്, മലേഷ്യ, കംബോഡിയ, ലാവോസ് എന്നീ ആസിയാൻ രാജ്യങ്ങളിൽ നിന്നുള്ള അനിയന്ത്രിതമായ ഇറക്കുമതിയാണ് ഇന്ത്യയിലെ റബർ വിപണിയിലെ ഇന്നത്തെ പ്രതിസന്ധിയുടെ മുഖ്യകാരണം.

ആഗോള റബർ വിപണിയിലുള്ള വിലത്തകർച്ചയിൽ മറ്റുരാജ്യങ്ങൾ എടുത്തിരിക്കുന്ന അടിയന്തര നടപടികൾ കേന്ദ്രസർക്കാരും മാനദണ്ഡമാക്കി സ്വീകരിക്കണമെന്ന് ഇൻഫാം ദേശീയ സമിതി അഭ്യർത്ഥിച്ചു.



മൂവാറ്റുപുഴ മുനിസിപ്പൽ സ്റ്റേഡിയത്തിൽ ഇൻഫാമിന്റെ നേതൃത്വത്തിൽ നടന്ന "കാർഷിക മേഖലയിലെ പതനവും അതിജീവന സാധ്യതകളും" സെമിനാർ ഇൻഫാം രക്ഷാധികാരി ബിഷപ് മാർ മാത്യു അറയ്ക്കൽ ഉദ്ഘാടനം ചെയ്യുന്നു. പി.പി.ഏലിയാസ്, ഇൻഫാം ദേശീയ ട്രസ്റ്റി എം സി ജോർജ്, സെക്രട്ടറി ജനറൽ ഷെവലിയർ അഡ്വ.വി.സി.സെബാസ്റ്റ്യൻ, നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ്, സംസ്ഥാന കൺവീനർ ജോസ് എടപ്പാട്ട്, ഡയറക്ടർ ഫാ.ജോസ് മോനിപ്പള്ളി, ദേശീയ വൈസ്ചെയർമാൻ കെ.മൈതീൻഹാജി, ദേശീയ ട്രഷറർ ജോയി തെങ്ങുംകുടി എന്നിവർ വേദിയിൽ.

# കാർഷിക പ്രശ്നം പരിഹരിക്കാൻ പുതിയ നയം വേണം: മാർ അറയ്ക്കൽ

മൂവാറ്റുപുഴ: കാർഷിക മേഖലയിലെ പ്രശ്നങ്ങൾക്കു പരിഹാരം കാണാൻ പുതിയ നയം രൂപീകരിക്കണമെന്ന് ഇൻഫാം രക്ഷാധികാരി ബിഷപ് മാർ മാത്യു അറയ്ക്കൽ. കാർഷിക മേഖലയിലെ പതനവും അതിജീവന സാധ്യതകളും എന്ന സെമിനാർ മൂവാറ്റുപുഴ മുനിസിപ്പൽ സ്റ്റേഡിയത്തിൽ ഇൻഫാമിന്റെ നേതൃത്വത്തിൽ നടന്നുവരുന്ന കാർഷികമേളയുടെ ഭാഗമായി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. കർഷികോത്പന്നങ്ങൾക്കു ന്യായവില ലഭിക്കാതെ കർഷകൻ ദുരിതത്തിലാണ്. കാർഷിക മേഖലയിൽ നിലവിലുള്ള സ്ഥിതിക്കു മാറ്റം വരണമെന്നു മാർ മാത്യു അറയ്ക്കൽ പറഞ്ഞു.

കാർഷിക ഉത്പന്നങ്ങളുടെ ഉത്പാദനം, സംഭരണം, വിതരണം, രോഗകീട പ്രതിരോധ പ്രവർത്തനങ്ങൾ, നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണവും തുടങ്ങിയ കാര്യങ്ങളിൽ വിവിധ പദ്ധതികൾ നടപ്പാക്കാൻ സാധിക്കണമെന്നു നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ് സൂചിപ്പിച്ചു.

ഇൻഫാം ദേശീയ സെക്രട്ടറി ജനറൽ ഷെവലിയർ അഡ്വ.വി.സി.സെബാസ്റ്റ്യൻ അധ്യക്ഷത വഹിച്ചു. ഇൻഫാം ദേശീയ സെക്രട്ടറി ഫാ.ജോർജ് പൊട്ടയ്ക്കൽ മുഖ്യപ്രഭാഷണം നടത്തി. ഇൻഫാം ദേശീയ ട്രസ്റ്റി ഡോ.എം.സി. ജോർജ്, സംസ്ഥാന കൺവീനർ ജോസ് എടപ്പാട്ട്, ഡയറക്ടർ ഫാ.ജോസ് മോനിപ്പള്ളി, ദേശീയ വൈസ്ചെയർമാൻ കെ.മൈതീൻഹാജി, ദേശീയ ട്രഷറർ ജോയി തെങ്ങുംകുടി, ഇൻഫാം കോട്ടയം ജില്ലാ പ്രസിഡന്റ് കെ.എസ്. മാത്യു എന്നിവർ പ്രസംഗിച്ചു.





# ഫാ. ടോമിന്റെ മോചനത്തിനു സജീവശ്രമം: മന്ത്രി സുഷമ

ന്യൂഡൽഹി: യെമനിൽ ഐഎസ് ഭീകരർ തട്ടിക്കൊണ്ടുപോയ പാലാ രാമപുരം സ്വദേശിയായ സലേഷ്യൻ വൈദികൻ ഫാ. ടോം ഉഴുന്നാലിലിന്റെ മോചനം വേഗത്തിലാക്കാനുള്ള ശ്രമങ്ങൾ സജീവമെന്നു കേന്ദ്ര വിദേശകാര്യമന്ത്രി സുഷമ സ്വരാജ്.

നയതന്ത്രശ്രമങ്ങൾക്കു പുറമേ മറ്റെല്ലാ സാധ്യതകളും ഇക്കാര്യത്തിൽ ഉപയോഗപ്പെടുത്തുമെന്നു മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, മുൻ കേന്ദ്രമന്ത്രി കെ.വി. തോമസ്, ജോസ് കെ. മാണി എംപി, സിബിസിഐ പ്രതിനിധികൾ തുടങ്ങിയവർക്കു വിദേശകാര്യമന്ത്രി ഉറപ്പു നൽകി.

ആസാമിലായിരുന്ന മന്ത്രി സുഷമയുമായി മുഖ്യമന്ത്രിയും മറ്റും ഫോണിൽ സംസാരിച്ചു. വിദേശകാര്യ സെക്രട്ടറി എസ്. ജയശങ്കറുമായി ഇന്നലെ നേരിട്ടു സംസാരിച്ചതായി കെ.വി. തോമസ് അറിയിച്ചു. മോചനം സംബന്ധിച്ചു കേന്ദ്ര സർക്കാർ ഗൗരവപൂർവമായ ഇടപെടൽ നടത്തുന്നുണ്ടെന്നു സുഷമ അറിയിച്ചതായി മുഖ്യമന്ത്രി പറഞ്ഞു. ഫാ. ടോമിന്റെ കുടുംബാംഗവും വിദേശകാര്യമന്ത്രാലയത്തിൽ ഇപ്പോൾ ഡയറക്ടർതല ഉദ്യോഗസ്ഥനുമായ നോയൽ തോമസുമായും മുഖ്യമന്ത്രി ചർച്ച നടത്തി.



വിദേശകാര്യമന്ത്രാലയത്തിലെ യെമൻ, സൗദി അറേബ്യ തുടങ്ങിയ രാജ്യങ്ങളുടെ ചുമതലയുള്ള ജോയിന്റ് സെക്രട്ടറി മൃദുൽ കുമാർ, അണ്ടർ സെക്രട്ടറി ഗൗരവ് എന്നിവരുമായി ജോസ് കെ. മാണി എംപിവിശദമായ ചർച്ച നടത്തി. ഫാ. ടോം സുരക്ഷിതനാണെന്നും മോചനശ്രമങ്ങൾ തീവ്രതയോടെ നടക്കുകയാണെന്നും വിദേശകാര്യ മന്ത്രാലയത്തിലെ ഉന്നതർ എംപിമാരെ അറിയിച്ചു.

ലിബിയയിൽ റോക്കറ്റാക്രമണത്തിൽ മരിച്ച മലയാളികളായ സുനു സത്യന്റെയും മകൻ പ്രണവിന്റെയും റഷ്യയിൽ വിമാനാപകടത്തിൽ മരിച്ച മലയാളി ദമ്പതികളായ ശ്യാംമോഹൻ, അഞ്ജു എന്നിവരുടെയും മൃതദേഹങ്ങൾ നാട്ടിലെത്തിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളും കേന്ദ്രമന്ത്രിയുമായി മുഖ്യമന്ത്രി സംസാരിച്ചു.

നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തിയാക്കുന്നതിനു നിർദേശം നൽകുമെന്നു സുഷമ സ്വരാജ് അറിയിച്ചു. ഫാ. ടോം ഉഴുന്നാലിലിന്റെ സുരക്ഷയും മോചനവും സംബന്ധിച്ച ആശങ്കൾക്കു എത്രയും വേഗം ശുഭകരമായ അന്ത്യമുണ്ടാക്കണമെന്നു മേജർ ആർച്ച്ബിഷപ് കർദിനാൾ മാർജോർജ് ആലഞ്ചേരി ആവശ്യപ്പെട്ടു.

ഫാ. ടോമിന്റെ മോചനത്തിനുള്ള ശ്രമങ്ങൾ എത്രയും വേഗത്തിലാക്കണമെന്നു സിബിസിഐ ഡെപ്യൂട്ടി സെക്രട്ടറി ജനറൽ മോൺ. ജോസഫ് ചിന്നയ്യനും നിവേദനത്തിൽ ആവശ്യപ്പെട്ടു.

# മദ്യനയത്തിൽ മാറ്റംവരുത്താൻ അനുവദിക്കില്ല: ആർച്ച് ബിഷപ് ഡോ. എം. സൂസപാക്യം

തിരുവനന്തപുരം: യുഡിഎഫ് സർക്കാർ നടപ്പിലാക്കിയ മദ്യനയത്തിൽ മാറ്റം വരുത്താൻ മദ്യവിരുദ്ധ പ്രവർത്തകരായ തങ്ങൾ അനുവദിക്കില്ലെന്ന് തിരുവനന്തപുരം ലത്തീൻ അതിരൂപത ആർച്ച് ബിഷപ് ഡോ. എം. സൂസപാക്യം.

എല്ലാവരുടെയും പ്രകടനപത്രിക കാത്തിരിക്കുകയാണ്. മദ്യത്തിൽ നിന്നു പിന്നോട്ടുപോകരുതെന്നു തന്നെ വന്നു കണ്ട ഇടതുപക്ഷക്കാരോടും പറഞ്ഞിട്ടുണ്ട്. നാട്ടിലെ മുഴുവൻ ജനങ്ങൾക്കും പ്രയോജനം കിട്ടുന്ന കാര്യത്തിൽ മാറ്റം വരുത്തിയാൽ ആ നയത്തെ തിരസ്കരിക്കാനുള്ള അവകാശം തങ്ങൾക്കുണ്ട്.

ബിയർ, വൈൻ പാർലറുകൾ വ്യാപകമായി തുറന്നതിൽ ആശങ്കയുണ്ട്. എങ്കിലും വിദേശമദ്യത്തിന്റെ ഉപയോഗത്തിൽ 25 ശതമാനത്തോളം കുറവു വന്നതായാണ് കാണുന്നത്. അതു നല്ല കാര്യമാണെന്നു ഡോ. എം. സൂസപാക്യം പറഞ്ഞു.

ഏതെങ്കിലും ഒരു വിഷയത്തിന്റെ പേരിൽ മാത്രം പുതിയ സർക്കാരിനെ ജനങ്ങൾ തെരഞ്ഞെടുക്കുമെന്നു കരുതുന്നില്ല. സർക്കാരിനെതിരായി ഉയരുന്ന ആരോപണങ്ങൾ സാധാരണക്കാരായ ജനങ്ങളെ സ്വാധീനിക്കാനിടയുണ്ട്.



ഇത്തരം കാര്യങ്ങളിൽ സഭയ്ക്ക് തത്ത്വാധിഷ്ഠിതമായ നിലപാടുണ്ട്. പക്ഷേ ആരോപണങ്ങൾ തെളിയിക്കപ്പെടുന്നതുവരെ കാത്തിരിക്കണം. അതിനു മുമ്പു വിധി പറയാനുള്ള അവകാശം സഭയ്ക്കില്ല. അധികാരം കിട്ടിയാൽ മുതലാക്കുന്ന സമീപനം ഇപ്പോൾ എല്ലായിടത്തുമുണ്ട്. എന്നാൽ, ചില നിക്ഷിപ്ത താത്പര്യങ്ങൾ വച്ച് മറ്റുള്ളവരെ കുടുക്കാനുള്ള നീക്കത്തെ പിന്തുണയ്ക്കാൻ സാധിക്കില്ല.

വിഴിഞ്ഞം തുറമുഖത്തിന്റെ വിശദാംശങ്ങൾ ഇന്നും രഹസ്യമാണ്. ഒരു കുഴപ്പവും വരില്ലെന്നു സർക്കാരും കമ്പനിക്കാരും പറയുന്നു. എങ്കിലും അമ്പതിനായിരത്തോളം മത്സ്യത്തൊഴിലാളികളുടെ ജീവിതത്തെ ബാധിക്കുമെന്നാണു ശാസ്ത്രീയ പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നത്. ഇക്കാര്യത്തിൽ ആശങ്കയുണ്ട്. ഇതു സർക്കാരിനെ അറിയിച്ചിട്ടുമുണ്ട്.

വലിയ നേട്ടങ്ങൾ ഉണ്ടാകുന്ന പദ്ധതിയാണെന്നാണു പ്രചരിപ്പിക്കപ്പെടുന്നത്. വികസന വിരോധികളായി മുദ്രകുത്തപ്പെടാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. എന്നാൽ, പാവപ്പെട്ട തീരദേശവാസികളുടെ പ്രശ്നങ്ങൾക്കു പരിഹാരമുണ്ടാകണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്നു.

മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഇടപെട്ട് 500– 600 കോടി രൂപയുടെ പുനരധിവാസ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. എങ്കിലും സർക്കാർ കാര്യമെന്ന നിലയിൽ നടപ്പിലായി കഴിഞ്ഞാൽ മാത്രമേ പറയാൻ കഴിയൂ എന്നും ആർച്ച് ബിഷപ് പറഞ്ഞു.

# സഭൈക്യം

(കഴിഞ്ഞ ലക്കം തുടർച്ച) ......



ബുദ്ധിയും സ്വതന്ത്രമനസ്സുമുള്ളവരാണ് മനുഷ്യർ. അതുകൊണ്ട് അവർക്ക് സ്വതന്ത്രമായി ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാൻ സാധിക്കും. ഈ വ്യക്തിമാഹാത്മ്യത്തിനനുരൂപമായിട്ടാണ് മനുഷ്യരെല്ലാം സത്യാന്വേഷണത്തിനു സ്വതേബാധ്യസ്ഥരാകുന്നത്; പ്രത്യേകിച്ച് മതസത്യങ്ങൾ കണ്ടുപിടിക്കാൻവേണ്ടി. മനുഷ്യപ്രകൃതി അവരെ സത്യാന്വേഷണത്തിനു നിർബന്ധിക്കുന്നു; ധാർമ്മികബോധം അവരെ കടപ്പെടുത്തുകയും ചെയ്യുന്നു. അതുപോലെതന്നെ ഒരിക്കൽ അറിഞ്ഞുകഴിഞ്ഞാൽ ഈ സത്യത്തെ മുറുകെപ്പിടിക്കാനും അതിന്റെ നിയന്ത്രണങ്ങൾക്കനുസരണമായി ജീവിതം മുഴുവൻ ക്രമീകരിക്കാനും അവർക്കു കടമയുണ്ട്. പക്ഷേ ബാഹ്യമായ സമ്മർദ്ദത്തിൽ നിന്ന് അവർ വിമുക്തരല്ലെങ്കിൽ മാനസിക സ്വാതന്ത്ര്യം അനുഭവിക്കാൻ അവർക്കു ശക്യമല്ലെങ്കിൽ മനുഷ്യർക്കു തങ്ങളുടെതന്നെ സ്വഭാവത്തിനനുഗുണമായി സ്വന്തം കർത്തവ്യങ്ങൾ നിർവഹിക്കുന്നതിൽ വിഘ്നം നേരിടുന്നു, തന്മൂലം മനുഷ്യന്റെ ആത്മനിഷ്ഠമായ മനസ്ഥിതിയിലല്ല പ്രത്യുത വസ്തുനിഷ്ഠമായ മനുഷ്യപ്രകൃതിയിലാണ് മതസ്വാതന്ത്ര്യത്തിനുള്ള അവകാശം അധിഷ്ഠിതമായിരിക്കുന്നത്. ഇതിൽനിന്നൊന്നു വ്യക്തമാണ്; സത്യമന്വേഷിച്ചറിഞ്ഞ് അത് ആശ്ലേഷിക്കാൻ സന്നദ്ധരാകാത്തവർക്കും, ബാഹ്യസമ്മർദ്ദങ്ങളിൽനിന്നൊഴിഞ്ഞിരിക്കുകയെന്ന ഈ അവകാശം നഷ്ടപ്പെടുന്നില്ല. പൊതുക്രമപാലനം ശരിയായി നിർവ്വഹിക്കപ്പെടുന്ന കാലത്തോളം ഈ അവകാശങ്ങൾ തടയപ്പെടേണ്ടതല്ല.

**3. മനുഷ്യനു ദൈവത്തോടുള്ള ബന്ധം**–മാനുഷികനിയമങ്ങൾക്കെല്ലാം മാനദണ്ഡം ദൈവികനിയമമാണ്. ഈ ദൈവികനിയമം സനാതനവും വസ്തുനിഷ്ഠവും സാർവ്വത്രികവുമാണ്. ഇതുവഴിയാണ് ദൈവം അവിടുത്തെ ജ്ഞാനത്തിന്റെയും സ്നേഹത്തിന്റെയും പദ്ധതിയനുസരിച്ച് സർവ്വചരാചരങ്ങളേയും, മനുഷ്യസമൂഹത്തിന്റെ ഗതികളേയും ക്രമപ്പെടുത്തുകയും നയിക്കുകയും ഭരിക്കുകയും ചെയ്യുന്നത്. ഈ യാഥാർത്ഥ്യങ്ങളുടെ വെളിച്ചത്തിൽ ആദ്യം പറഞ്ഞ കാര്യങ്ങൾ കൂടുതൽ വ്യക്തമാകുന്നതാണ്. ഈ ദൈവികനിയമത്തിൽ അവിടുന്ന് മനുഷ്യനെ പങ്കാളിയാക്കി. തത്ഫലമായി പരിണാമവിധേയമല്ലാത്ത ഈ സത്യം ദൈവപരിപാലനത്തിന്റെ മാധുര്യപൂർണ്ണമായ പരിലാളനയിൽ കൂടുതൽ കൂടുതലായി ഗ്രഹിക്കാൻ മനുഷ്യനു സാധിക്കുന്നു. അതുകൊണ്ട് ഉചിതമായ മാർഗ്ഗങ്ങളുപയോഗിച്ച് മതപരമായ കാര്യങ്ങളിൽ സത്യമാരാഞ്ഞു കണ്ടുപിടിക്കാനുള്ള കടമയും അവകാശവും ഓരോരുത്തർക്കുമുണ്ട്. അങ്ങനെ ഓരോരുത്തർക്കും മനസാക്ഷിയിൽ നേരായി തോന്നുന്നതനുസരിച്ച് വിവേകപൂർണ്ണമായ തീരുമാനങ്ങൾ എടുക്കാൻ സാധിക്കണം.

ഈ സത്യാന്വേഷണം നടത്തേണ്ടത് മനുഷ്യന്റെ വ്യക്തിമാഹാത്മ്യത്തിനും അവന്റെ സാമൂഹ്യസ്വഭാവത്തിനും യുക്തമായ മാർഗ്ഗങ്ങളിലൂടെയായിരിക്കണം. സ്വതന്ത്രമായ ഒരന്വേഷണമായിരിക്കണമത്. അദ്ധ്യാപനം, പഠനം, ആശയവിനിമയം, അഭിമുഖസംഭാഷണം എന്നിവവഴി വേണം ഇതുനടത്താൻ. ഇങ്ങനെ ആശയങ്ങൾ കൈമാറുന്നതുകൊണ്ട് അവർ കണ്ടെത്തിയതോ കണ്ടെത്തിയതെന്ന് കരുതുന്നതോ ആയ സത്യം പരസ്പരം വിശദീകരിച്ചുകൊടുക്കാൻ അവസരം ലഭിക്കുന്നു. സത്യം തെരഞ്ഞുപിടിക്കാനുള്ള ഈ പരിശ്രമത്തിൽ അന്യോന്യം ഇത് സഹായകമായി ഭവിക്കുന്നു. കൂടാതെ അറിഞ്ഞുകഴിഞ്ഞ സത്യത്തെ സ്വമനസ്സാലെ മുറുകെപ്പിടിക്കാൻ മനുഷ്യൻ ബാധ്യസ്ഥനുമാണ്.

മനുഷ്യനെ സംബന്ധിച്ചിടത്തോളം സ്വന്ത മനസാക്ഷിമുഖേനയാണ് അവൻ ദൈവിക നിയമങ്ങളനുസരിച്ചുള്ള കടമകൾ കണ്ടറിഞ്ഞംഗീകരിക്കുന്നത്. എല്ലാ കാര്യങ്ങളിലും ഈ മനസാക്ഷിയെ അനുസരിക്കാൻ മനുഷ്യന് കടമയുണ്ട്. അവന്റെ അന്തിമലക്ഷ്യമായ ദൈവത്തിലെത്തിച്ചേരാൻ ഇതാവശ്യവുമാണ്. തന്മൂലം മനസാക്ഷിക്കെതിരായി പ്രവർത്തിക്കുന്നതിന് ആരെയും നിർബന്ധിച്ചുകൂടാ. അതുപോലെതന്നെ മതസംബന്ധമായ കാര്യങ്ങളിൽ പ്രത്യേകിച്ച് തന്റെ മനസാക്ഷിയനുസരിച്ച് പ്രവർത്തിക്കുന്നതിൽ നിന്ന് അവനെ ആർക്കും തടയാനും പാടില്ല. മതാനുഷ്ഠാനം അതിന്റെ സ്വഭാവത്താലെതന്നെ മനുഷ്യൻ സ്വയം നേരിട്ടു ദൈവത്തിനു പ്രതിഷ്ഠിക്കുന്ന ആന്തരികവും സ്വതന്ത്രവുമായ പ്രവൃത്തികളിലാണ് സർവ്വോപരി അടങ്ങിയിരിക്കുന്നത്. വെറും മാനുഷികാധികാരത്തിന് ഇത്തരം കാര്യങ്ങൾ ചെയ്യാൻ കല്പിക്കാനോ വിലക്കാനോ അവകാശമില്ല. ആന്തരികമായ മതാനുഷ്ഠാനങ്ങൾ പുറമെ പ്രദർശിപ്പിക്കാനും മതകാര്യങ്ങളിൽ മറ്റുള്ളവരുമായി സമ്പർക്കം പുലർത്താനും സംഘാതമായി മതാനുഷ്ഠാനം നിർവഹിക്കാനുമുള്ള പ്രവണത മനുഷ്യന്റെ സാമൂഹ്യസ്വഭാവത്തിൽത്തന്നെ അധിഷ്ഠിതമാണ്. നീതിപൂർവ്വകമായ പൊതുക്രമപാലനത്തിന് വിഘാതമാകാത്ത കാലത്തോളം സമുദായത്തിൽ സ്വതന്ത്രമായ മതാനുഷ്ഠാനം ആർക്കെങ്കിലും നിഷേധിച്ചാൽ അതു മനുഷ്യന്റെ വ്യക്തിത്വത്തോടും മനുഷ്യനുവേണ്ടി ദൈവം സ്ഥാപിച്ച ക്രമീകരണത്തോടും ചെയ്യുന്ന ഒരപരാധമായിരിക്കും. കൂടാതെ സ്വജീവിതം ദൈവോന്മുഖമാക്കിത്തീർക്കാനായി മനുഷ്യൻ ബോധപൂർവ്വം രഹസ്യമായും പരസ്യമായും നടത്തുന്ന മതാനുഷ്ഠാനങ്ങൾ ലൗകികതാല്പര്യങ്ങൾക്കെല്ലാം അതീതമാണ്. അതുകൊണ്ട് ഭരണകൂടം പൗരന്മാരുടെ മതജീവിതത്തെ അംഗീകരിക്കുകയും അതിനുവേണ്ട ആനുകൂല്യങ്ങളെല്ലാം ചെയ്തുകൊടുക്കുകയും വേണം.



# ജസീന്തയുടെ സംഘർഷം

Dr. P.M. Chacko Palakunnel, Mobile: 9746085144

ജസീന്തയ്ക്ക് മുപ്പതുവയസായി. ഡന്റൽ ടെക്നീഷ്യൻ കോഴ്സ് പാസായിട്ടുണ്ട്. ഭർത്താവ് മൊബൈൽ ഷോപ്പ് ഉടമസ്ഥനാണ്. ജസീന്തയ്ക്ക് ഡന്റൽ രംഗത്തെ ബിസിനസ് തുടങ്ങാനാണ് താല്പര്യം. ഭർത്താവ് അനീഷ് എതിരാണ്. ജസീന്താ വിദേശത്ത് ജോലിചെയ്ത് ഉണ്ടാക്കിയ പണം മുഴുവനും ഭർത്താവ് കടയിൽ മുടക്കി. ജസീന്ത ഇടയ്ക്കിടെ പണത്തെപ്പറ്റി ചോദിക്കുമ്പോൾ അതൊക്കെ ബിസിനസിൽ മുടക്കിയിരിക്കുകയാണെന്നും ഒരുവർഷംകൊണ്ടുതന്നെ തിരിച്ചെടുക്കാമെന്നും പറഞ്ഞു. കുറച്ചുനാളായി ഭർത്താവ് അനീഷ് വളരെ മൗനത്തിലാണ്. കാരണം ചോദിച്ചപ്പോൾ മൗനം അവലംബിച്ചു. പിന്നീടൊരുദിവസം ജസീന്തയുടെ ആഭരണങ്ങൾ പണയംവെയ്ക്കാൻ ആവശ്യപ്പെട്ടപ്പോഴാണ് കടംകയറിയിരിക്കുകയാണെന്നു മനസിലായത്. പോരാത്തതിന് ആയിടയ്ക്ക് കടയിൽ കള്ളൻ കയറി കുറെ സാധനങ്ങൾ എടുത്തുകൊണ്ടുപോകുകയും ചെയ്തു. കട കുറച്ചുനാൾ നിർത്തിയിട്ടശേഷം ആരോടൊക്കെയോ വീണ്ടും കടംവാങ്ങി പ്രവർത്തനം പുനരാരംഭിച്ചു. എന്തെങ്കിലും ചോദിച്ചാൽ ദേഷ്യപ്പെട്ട് ഭക്ഷണംപോലും കഴിക്കാതെ ഇറങ്ങിപ്പോകും.

ആദ്യമൊക്കെ ജസീന്ത ഒന്നും പറയുമായിരുന്നില്ല. ഇപ്പോൾ അവൾ പെട്ടെന്ന് പൊട്ടിത്തെറിക്കാൻ തുടങ്ങിയിട്ടുണ്ട്. അവൾക്ക് കഠിനമായ ശരീരവേദനയായി. അവൾ കൂടുതൽ സമയം കിടപ്പിലായി. കുട്ടികളുടെ കാര്യം നോക്കാൻപോലും വയ്യ എന്നാണ് പറയുന്നത്. അവളുടെ അമ്മ വന്ന് അവളെ സഹായിച്ചുകൊണ്ടിരുന്നു. പല വിദഗ്ദ്ധ അസ്ഥി, ഞരമ്പ് ഡോക്ടർമാരെ കണ്ടെങ്കിലും അസുഖമൊന്നുമില്ലെന്നാണ് അവർ വിധിയെഴുതിയതും. ഇതിനോടൊപ്പം അടുത്തടുത്ത് ടോയ്ലറ്റിൽ പോകണമെന്ന തോന്നലും തുടങ്ങി. ഇതുമൂലം യാത്രകൾ പോകാൻ ഭയമാണ്. ഈയവസരത്തിലാണ് കൗൺസിലിംഗിന് വന്നത്. സൈക്കോതെറാപ്പിയിലൂടെ ശരീരവേദന പൂർണ്ണമായി മാറി. ഭർത്താവിന്റെ ജോലിസ്ഥലത്ത് പോയി താമസം ആരംഭിച്ചു. അവിടെ താമസിക്കുമ്പോൾ ഇടയ്ക്കിടെ നഷ്ടങ്ങളെപ്പറ്റി പറഞ്ഞ് വിഷമിക്കാറുണ്ടെങ്കിലും അനുദിനകാര്യങ്ങൾ ഭംഗിയായി നടത്തിപ്പോകുന്നു. നാട്ടിലേയ്ക്കു വരുമ്പോൾ പലപ്പോഴും ബസിൽ വരുന്നതാണ് സൗകര്യം. ട്രെയിൻ കയറണമെങ്കിൽ കുറെദൂരം സഞ്ചരിക്കണം. ട്രെയിൻ ഇറങ്ങിയാലും വീണ്ടും പത്ത്നാൽപ്പതുകിലോമീറ്റർ യാത്രചെയ്യണം. ജസീന്തയ്ക്ക് ബസിൽ കയറാൻ പേടിയാണ്. ബസിൽ കയറിയാൻ ഗ്യാസ് കയറി വയറ് കമ്പിക്കുകയും ടോയ്ലെറ്റിൽ ഇടയ്ക്കിടെ പോകേണ്ടിവരുമെന്നും പറഞ്ഞ് ശാഠ്യം പിടിക്കും. എത്ര നിർബന്ധിച്ചാലും ബസിൽ കയറുകയില്ല. എന്ന് മാത്രമല്ല ഒരു പരിധിയ്ക്കപ്പുറം നിർബന്ധിച്ചാൽ പോക്ക് റദ്ദാക്കിതന്നെ പ്രതിഷേധിക്കും. ഒരു ദിവസം നിർബന്ധിച്ച് ബസിൽ കയറ്റിയിട്ട് ഇടയ്ക്ക് ഇറങ്ങി ഓട്ടോ പിടിച്ച് തിരിച്ചുപോരേണ്ടിവന്നു.

മനസിലെ സംഘർഷത്തിന്റെ ഫലമായുണ്ടാകുന്ന ശാരീരിക അസ്വസ്ഥതയാണിത്. സൈക്കോസൊമാറ്റിക് രോഗമെന്ന് ഇതിനെ വിളിക്കുന്നു. ഇഷ്ടമില്ലാത്ത കാര്യം ചെയ്യാതിരിക്കാനുള്ള പ്രതിരോധനടപടിയായും ഇതിനെ കണക്കാക്കാം. മനസ്സ് ഈയൊരു കാര്യം ഉറപ്പിച്ചു വിശ്വസിച്ചിരിക്കുന്നതിനാൽ അതു മാറ്റിയെടുക്കുക സ്വമേധയാലോ, വെറും പ്രേരണയാലോ, സമ്മർദ്ദത്താലോ സാധ്യമാവുകയില്ല. സൈക്കോ തെറാപ്പിയിലൂടെ സാഹചര്യത്തെ പുനർജനിപ്പിച്ച് അതിനോടുള്ള ഭയം ഇല്ലാതാക്കുകവഴി ബസിൽ നല്ലമനസ്സോടെ കയറി സമാധാനത്തോടെ യാത്രചെയ്യാനുള്ള മാനസികാവസ്ഥ സൃഷ്ടിച്ചെടുത്തു.

**ആദ്യമൊക്കെ ജസീന്ത ഒന്നും പറയുമായിരുന്നില്ല. ഇപ്പോൾ അവൾ പെട്ടെന്ന് പൊട്ടിത്തെറിക്കാൻ തുടങ്ങിയിട്ടുണ്ട്. അവൾക്ക് കഠിനമായ ശരീരവേദനയായി. അവൾ കൂടുതൽ സമയം കിടപ്പിലായി. കുട്ടികളുടെ കാര്യം നോക്കാൻപോലും വയ്യ എന്നാണ് പറയുന്നത്. അവളുടെ അമ്മ വന്ന് അവളെ സഹായിച്ചുകൊണ്ടിരുന്നു. പല വിദഗ്ദ്ധ അസ്ഥി, ഞരമ്പ് ഡോക്ടർമാരെ കണ്ടെങ്കിലും അസുഖമൊന്നുമില്ലെന്നാണ് അവർ വിധിയെഴുതിയതും.**

# LAITY VOICE



45

## ക്രിസ്തുവിലൂള്ള ജീവിതം

**കഴിഞ്ഞ ലക്കം തുടർച്ച...**

**സ്വകാര്യസ്വത്തിന്റെ ലക്ഷ്യമെന്താണ്?**

വ്യക്തികൾ ഓരോരുത്തരുടെയും സ്വാതന്ത്ര്യവും മാഹാത്മ്യവും ഉറപ്പുവരുത്തുക, തനിക്ക് ഉത്തരവാദിത്വമുള്ളവരുടെയും അത്യാവശ്യത്തിൽ ജീവിക്കുന്ന മററുള്ളവരുടെയും അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റാൻ സഹായിക്കുക എന്നിവ സ്വകാര്യസ്വത്തിന്റെ ലക്ഷ്യമാണ്.

**എന്താണ് ഏഴാം കല്പന ആവശ്യപ്പെടുന്നത്?**

നീതി, ഉപവി, ആത്മസംയമനം, ഐക്യദാർഢ്യം എന്നിവയുടെ പ്രായോഗത്തിലൂടെ അന്യരുടെ വസ്തുക്കളോടുള്ള ആജരം ഏഴാം കല്പന ആവശ്യപ്പെടുന്നു. സവിശേഷമായി, നടത്തിയ വാഗ്ദാനങ്ങളോടും ഉടമ്പടിയോടുമുള്ള ആദരം, ചെയ്ത അനീതിക്ക് പരീഹാരം, മോഷ്ടിച്ചെടുത്ത വസ്തുക്കളുടെ തിരിച്ചേൽപ്പിക്കൽ, ലോകത്തിലുള്ള ധാതുസസ്യമൃഗസമ്പത്തുക്കളുടെ വിവേകപൂർവ്വവും മിതവുമായ ഉപയോഗത്തിലൂടെ സൃഷ്ടിയുടെ സമഗ്രതയോടുള്ള ആദരം, സവിശേഷമായി വംശനാശത്തിന്റെ ഭീഷണി നേരിടുന്നവയോടുള്ള ശ്രദ്ധയും.

**മൃഗങ്ങളോട് മനുഷ്യനുണ്ടായിരിക്കേണ്ട സമീപനം എന്തായിരിക്കണം?**

ദൈവത്തിന്റെ സൃഷ്ടിയായ മൃഗങ്ങളോട് മനുഷ്യൻ കാരുണ്യത്തോടെ പെരുമാറണം. അവയുടെ നേരെയുള്ള അമിത സ്നേഹവും അവയുടെ വിവേകമില്ലാത്ത ഉപയോഗവും സർവ്വോപരി മൃഗങ്ങൾക്കുതന്നെ അനാവശ്യമായ സഹനങ്ങൾ ഏല്പിച്ചുകൊണ്ട് ന്യായമായ പരിധിവിട്ട് നടത്തുന്ന ശാസ്ത്രീയ പരീക്ഷണങ്ങളും ഒഴിവാക്കണം.

**ഏഴാം കല്പന എന്താണ് വിലക്കുന്നത്?**

ഏഴാം കല്പന എല്ലാറ്റിനുമുപരിയായി വിലക്കുന്നത് മോഷണമാണ്. ഉടമയുടെ ന്യായമായ ഹിതത്തിനെതിരെ അയാളുടെ വസ്തു സ്വന്തമാക്കുന്നതോ ഉപയോഗിക്കുന്നതോ മോഷണമാണ്. നീതിക്കുനിരക്കാത്ത കൂലി കൊടുക്കുന്നതിലും മറ്റുള്ളവർക്ക് നഷ്ടം വരുത്തിക്കൊണ്ട് നേട്ടമുണ്ടാക്കാൻ സാധനങ്ങൾക്ക് കൃത്രിമ വില സൃഷ്ടിക്കുന്നതിലും (ഊഹക്കച്ചവടം), ചെക്കുകളിലും മറ്റുരേഖകളിലും കൃത്രിമം കാണിക്കുന്നതിലും ഇത് സംഭവിക്കുന്നുണ്ട്. വ്യാപാരപരമായ വഞ്ചനയോ നികുതി വെട്ടിപ്പോ നടത്തുന്നതും സ്വകാര്യസ്വത്തോ പൊതുസ്വത്തോ മനഃപൂർവ്വം നശിപ്പിക്കുന്നതും ഏഴാം കല്പന മുടക്കുന്നതിൽപെടുന്നു. ഇതിനുംപുറമെ അന്യായപലിശ, അഴിമതി, സമൂഹത്തിന്റെ വസ്തുക്കളുടെ വ്യക്തിപരമായ ദുരുപയോഗം, തൊഴിൽ ആത്മാർത്ഥമായി ചെയ്യാതിരിക്കൽ, ധൂർത്ത് എന്നിവയും ഈ കല്പന വിലക്കുന്നു.

**സഭയുടെ സാമൂഹിക പ്രബോധനത്തിന്റെ ഉള്ളടക്കം എന്താണ്?**

മനുഷ്യവ്യക്തിയുടെ മഹത്വത്തെയും അവന്റെ സാമൂഹികമാനത്തെയും കുറിച്ചുള്ള സുവിശേഷസത്യത്തിന്റെ ജൈവപരമായ വികാസമാണ് സഭയുടെ സാമൂഹിക പ്രബോധനം. പരിചിന്തനത്തിനുള്ള തത്വങ്ങളും വിധിതീർപ്പിനുള്ള മാനദണ്ഡങ്ങളുടെ ഫോർമുലയും ഇത് ഉൾക്കൊള്ളുന്നു. കൂടാതെ പ്രവർത്തനത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും ആഭിമുഖ്യങ്ങളും സഭയുടെ സാമൂഹിക പ്രബോധനം നൽകുന്നു.

**എപ്പോഴാണ് സഭ സാമൂഹിക കാര്യങ്ങളിൽ ഇടപെടുന്നത്?**

വ്യക്തിയുടെ അടിസ്ഥാനപരമായ അവകാശങ്ങൾക്കോ പൊതുനന്മയ്ക്കോ മനുഷ്യരുടെ രക്ഷയ്ക്കോ ആവശ്യമായി വരുമ്പോൾ സാമ്പത്തികവും സാമൂഹികവുമായ കാര്യങ്ങളിൽ ധാർമ്മികമായ വിധി പ്രഖ്യാപിച്ചുകൊണ്ട് സഭ ഇടപെടുന്നു.

**സാമൂഹിക സാമ്പത്തികജീവിതം എങ്ങനെ നടപ്പാക്കപ്പെടാം?**

സാമൂഹിക സാമ്പത്തികജീവിതം അതിന്റെ ശരിയായ രീതികളനുസരിച്ച് ധാർമ്മികക്രമത്തിന്റെ മുഴുവൻ പരിധിയ്ക്കുള്ളിൽ മനുഷ്യനും മനുഷ്യവംശം മുഴുവനും വേണ്ടിയുള്ള സാമൂഹിക നീതിയനുസരിച്ചുള്ള സേവനമായി നടപ്പാക്കപ്പെടണം. മനുഷ്യനായിരിക്കണം അതിന്റെ കർത്താവും കേന്ദ്രവും ലക്ഷ്യവും.

**സഭയുടെ സാമൂഹികപ്രബോധനത്തിന് എതിരായിട്ടുള്ളത് എന്താണ്?**

വ്യക്തികളുടെ അടിസ്ഥാന ആവശ്യങ്ങളെ ബലികഴിക്കുകയും ലാഭത്തെ തങ്ങളുടെ ഏകനിയമമോ അന്തിമലക്ഷ്യമോ ആക്കുകയും ചെയ്യുന്ന സാമ്പത്തികവും സാമൂഹികവുമായ വ്യവസ്ഥിതികൾ സഭയുടെ സാമൂഹിക പ്രബോധനത്തിന് എതിരാണ്. ഇതിനാൽ, ആധുനിക കാലത്ത് "കമ്യൂണിസ"വുമായോ "സോഷ്യലിസ"ത്തിന്റെ സ്വേഛാധിപത്യപരവും നിരീശ്വരത്വപരവും ആയ രൂപങ്ങളുമായോ ബന്ധപ്പെട്ട പ്രത്യയശാസ്ത്രങ്ങളെ സഭ എതിർക്കുന്നു. ഇതിനുംപുറമെ "മുതലാളിത്തവ്യവസ്ഥിതി"യുടെ പ്രയോഗത്തിലുള്ള വ്യക്തഗതവാദവും മാനുഷിക തൊഴിലിന്മേൽ കമ്പോളത്തിന്റെ നിയമത്തിനുള്ള പരമമായ പ്രാഥമികത്വവും സഭ തള്ളിപ്പറയുന്നു.

(തുടരും)

*പിഒസി പ്രസിദ്ധീകരിച്ച കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥത്തിൽ നിന്ന്

Published and edited by Chev.V C Sebastian Valliamthadathil, Santhigri Residency, Palampra P.O., Kanjirapally
Kottayam Dist., India. Ph: 04828 234056, Mob: 9447355512, E-mail: chevaliersebastian@gmail.com

SHAJU.CHACKO7@GMAIL.COM

Private circulation